
Vol No.32 No.04 April 2022 കെസിബിസി മീഡിയ Rs.5.00

വത്തിക്കാൻ

# തരംഗം



ഈസ്റ്റർ - ദൈവവിളി പതിപ്പ്

ഏവർക്കും ഈസ്റ്റർ ആശംസകൾ

**ആരോഗ്യപ്രവർത്തകർക്ക് വേണ്ടി**

രോഗികളും , വയോധികരുമായവരെ പ്രത്യേകിച്ച് ദരിദ്രരാജ്യങ്ങളിൽ സേവിക്കുന്ന ആരോഗ്യപ്രവർത്തകർക്ക് വേണ്ടി പ്രാർത്ഥിക്കാം...

- ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം ഏപ്രിൽ 2022

www.malankaralibrary.com

# "LOVE is Repaid By Love Alone"


## മിഷണറി സിസ്റ്റേഴ്സ് ഓഫ് ഇൻഫന്റ് ജീസസ് (M S S T)



കർമ്മല സഭയുടെ
അലങ്കാരമായ കർമ്മലനാഥ
ഞങ്ങളുടെ പ്രത്യേക മധ്യസ്ഥ



## മിഷണറി സിസ്റ്റേഴ്സ് ഓഫ് ഇൻഫന്റ് ജീസസ് (M S S T)



ബിഷപ്പ്
ജെറോം. എം ഫെർണാണ്ടസ്
(സഭാ സ്ഥാപകൻ)

*സഭയിലേക്ക് സ്വാഗതം !*

ആതുരസേവനരംഗത്തും
വിദ്യാഭ്യാസമേഖലയിലും
ഇടവക പ്രവർത്തനങ്ങളിലും
അഗതികളുടെയും
അനാഥരുടെയും സംരക്ഷണത്തിലും
സ്നേഹ ശുശ്രൂഷകൾ നടത്തിവരുന്ന
MSST സന്യാസിനീ സഭയിൽ അംഗമായി
യേശുനാഥന് സ്വയം സമർപ്പിക്കുവാൻ
ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു

**Vocation Promoter**
**MSST Generalate**
**Industrial Estate**
**Umayanalloor P.O.**
**Kollam 691 589**
**mob : 7795149954**

MY VOCATION IS LOVE

www.malankaralibrary.com

വത്തിക്കാൻ തരംഗം

VATHIKAN THARANGAM

Aprill -2022

RN. 55 178/94

പുസ്തകം- 32

Monthly

ലക്കം-4

# ഉള്ളടക്കം


- എഡിറ്റോറിയൽ 4
- ഫ്രാൻസിസ് പാപ്പയുടെ മാൾട്ടാ സന്ദർശനത്തെക്കുറിച്ചുള്ള സ്പെഷ്യൽ റിപ്പോർട്ട് 5
- വൃദ്ധ ജനത്തിന്റെ വിജ്ഞാനം 22
- കാപട്യത്തിന്റെ ചമയങ്ങൾ 25
- മറ്റുള്ളവരുടെ ജീവിതത്തിനും സഹനത്തിനും 30
- വാർത്തയും ചിന്തയും 34


*മുഖ്യരക്ഷാധികാരി*

- ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി

*രക്ഷാധികാരികൾ*

- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* • ഡോ. എബ്രാഹം ഇരിമ്പിനിക്കൽ

*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ

*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media POC Palarivattom, Kochi 682025. Tel: 0484- 2806227

email :vaticantharangam@gmail.com whatsapp No : 82810 54656

www.malankaralibrary.com





# ആ പതാകയിൽ ദുരിതമുണ്ട് യാതനകളുണ്ട് !

റഷ്യയുടെ ഉക്രൈൻ അധിനിവേശം തുടരുകയാണ്.ഉക്രൈനിലെ കീവ് നഗരത്തിനടുത്തുള്ള ബൂച്ചയിൽ നൂറുകണക്കിന് ആളുകൾ കൊല്ലപ്പെട്ടു.കൊടും ക്രൂരതയുടെ സാക്ഷ്യമാണിതെന്ന് ഫ്രാൻസിസ് പാപ്പ അപലപിച്ചു.സാധാരണക്കാരായ മനുഷ്യരാണ് യുദ്ധത്തിന്റെ കെടുതികൾ അനുഭവിക്കാൻ വിധിക്കപ്പെടുന്നത്.സ്വന്തം മണ്ണിൽ നിന്നും പിഴുതെറിയപ്പെടുന്നവരെ ആർക്ക് ആശ്വസിപ്പിക്കാൻ കഴിയും? തകർന്ന നഗരത്തിൽ നിന്ന് കൊണ്ടു വന്ന പതാക പാപ്പ ഉയർത്തിക്കാട്ടിയത് ലോകത്തെ ഈ ദുരന്തത്തെക്കുറിച്ച് ചിന്തിക്കുന്നതിന് പ്രേരിപ്പിക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സ്ഫോടനങ്ങളിലും ആക്രമണങ്ങളിലും സഹിക്കുന്നതും തകർക്കപ്പെടുന്നതും സാധാരണക്കാരാണ്.ഇറാക്കിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ 519 കുട്ടികൾ സ്ഫോടനങ്ങളുടെ ഇരകളായെന്ന് യുണിസെഫ് അറിയിച്ചു. യുദ്ധം ആരു ചെയ്താലും സഹിക്കുന്നത് അബലരാണ്, സാധാരണ ജനങ്ങളാണ്. ഭരണകൂടങ്ങൾ പോലും പൗരന്മാരെ രണ്ടാംകിടക്കാരായി പലപ്പോഴും പരിഗണിക്കുന്നതിനും നാം സാക്ഷികളാകുന്നു. വലിയ പദ്ധതികൾക്കായി സ്വന്തം വീടും സ്ഥലവും വിട്ടുകൊടുത്ത് സർക്കാർ വാഗ്ദാനം വിശ്വസിച്ച് തെരുവിലിറങ്ങിയ 316 കുടുംബങ്ങൾ മൂലമ്പള്ളിയിലുണ്ട് ഭരണകൂട പദ്ധതികൾക്കായി അനാഥരാക്കപ്പെടുന്നവരെക്കുറിച്ച് ഒരു പരിഗണനയും ഭരണസംവിധാനങ്ങൾക്കില്ല.പാവപ്പെട്ടവർക്കായി സംസാരിക്കാൻ അവർ സംഘടിതർ അല്ലാത്തതിനാൽ പാർട്ടികളുമില്ല. മതവിദ്വേഷവും വെറുപ്പും വിലകുറഞ്ഞ ഇന്ധനമായി നമ്മുടെ ജനാധിപത്യത്തെയും രാജ്യത്തെയും ചലിപ്പിക്കുമ്പോൾ പെട്രോൾ വിലക്കയറ്റം ആരും കാണുന്നില്ല.ഇത്തരം നിരവധി മനുഷ്യാവകാശധ്വംസനങ്ങളെ എതിർക്കാനും നീതിക്കായി സ്വരമുയർത്താനും നമുക്ക് കഴിയണം. മനുഷ്യവിമോചനത്തിന്റെയും രക്ഷയുടെയും ഉയിർപ്പുതിരുന്നാൾ ആശംസകൾ.



**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ


www.malankaralibrary.com




# കായേന്റെ പൈശാചികോർജ്ജം യുദ്ധമായി പരിണമിക്കുന്നു: ഫ്രാൻസിസ് മാർപ്പാപ്പ

**ബാബു കദളിക്കാട്**



വത്തിക്കാൻ സിറ്റി: കരുണയറ്റ കായേന്റെ പൈശാചിക ജീവോർജ്ജം രാഷ്ട്രങ്ങൾക്കിടയിൽ യുദ്ധമായി രൂപാന്തരപ്പെടുന്നതിന്റെ വിഹ്വലതയും വ്യഥയും ആവർത്തിച്ച പ്രകടമാക്കി ഫ്രാൻസിസ് മാർപ്പാപ്പ. 'എന്തുവന്നാലും നാം ഒരിക്കലും പഠിക്കുന്നില്ല; യുദ്ധത്താലും കായേന്റെ ഊർജ്ജത്താലും വശീകരിക്കപ്പെട്ട അവസ്ഥ മാറാതെ നിൽക്കുന്നു'– തന്റെ മുപ്പത്തിയാറാമത്തെ അപ്പോസ്തോലിക സന്ദർശനം പൂർത്തിയാക്കി മാൾട്ടയിൽ നിന്ന് വത്തിക്കാനിലേക്കു മടങ്ങവേ വിമാനത്തിൽ മാധ്യമ പ്രവർത്തകരുമായുള്ള ആശയവിനിമയത്തിനിടെ മാർപ്പാപ്പ പറഞ്ഞു.

ഗാന്ധിജിയെ പോലുള്ള മഹത് വ്യക്തികൾ സമാധാനത്തെക്കുറിച്ച പഠിപ്പിച്ചിട്ടുള്ളത് വിസ്മരിക്കപ്പെട്ടുപോകുകയാണെന്ന് പാപ്പ ചൂണ്ടിക്കാട്ടി.
മാൾട്ട സന്ദർശന വേളയിൽ തന്നെ അനുഗമിച്ച വിവിധ രാജ്യങ്ങളിൽ നിന്നുള്ള 74 മാ


www.malankaralibrary.com

# അപ്പസ്തോലിക് കാർമൽസഭ



***മലബാറിലെ സ്ത്രീവിദ്യാഭ്യാസ ചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ച് ഇന്ന് ഭാരതത്തിനകത്തും പുറത്തും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ആതുരസേവനത്തിലും രോഗീ പരിചരണത്തിലും 152 വർഷങ്ങളായി അനിതരസാധാരണമായ രീതിയിൽ പ്രവർത്തിക്കുന്ന***

***ഒരു സന്യാസസഭയാണ് അപ്പസ്തോലിക് കാർമ്മൽ. തിരുസഭ വിശുദ്ധഗണത്തിലേക്ക് ഉയർത്തുന്നതിന്റെ ആദ്യപടിയിലെത്തിയ ധന്യയായ***

***മദർ വെറോനിക്കയാണ് സഭാ സ്ഥാപക. 1868, ജൂലൈ 16ന് ഫ്രാൻസിലെ ബയോണിൽ ഈ സഭയ്ക്ക് മദർ വെറോനിക്ക തിരിതെളിച്ചു. അറിവിന്റെ ആ പൊൻവെളിച്ചം 1870ൽ മംഗലാപുരത്തേക്ക് പറിച്ചുനട്ടു. ദൈവം മാത്രം മതി എന്ന ദർശനത്തിൽ വേരൂന്നി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി 10 രാജ്യങ്ങളിൽ നിസ്തുലസേവനം അനുഷ്ഠിക്കുകയാണ് ഈ സഭയിലെ അംഗങ്ങൾ. ക്രിസ്തുവിന്റെ ഒരു യഥാർത്ഥ മിഷനറിയായി, യേശുവിന്റെ സ്നേഹം ആയിരങ്ങളുമായി പങ്കുവെയ്ക്കുവാൻ, കുഞ്ഞനുജത്തിമാരെ അപ്പസ്തോലിക കാർമ്മൽ സന്യാസസമൂഹം സ്നേഹത്തോടെ ക്ഷണിക്കുന്നു.***

**A. C. Provincial House,**
**Malaparamba P.O, Kozhikode - 673009.**
**Ph: 0495 2370249, 9447396366**


www.malankaralibrary.com



ധ്യമപ്രവർത്തകരുടെ പ്രവർത്തനങ്ങൾക്ക് പാപ്പാ നന്ദി രേഖപ്പെടുത്തിയതിനു പിന്നാലെയായിരുന്നു ചോദ്യോത്തര വേള. വിശുദ്ധ ജോർജ് പ്രെക്കാ അന്ത്യവിശ്രമം കൊള്ളുന്ന ദേവാലയത്തിൽ ചെന്ന് പ്രാർത്ഥിച്ചു കൊണ്ട് മാൾട്ടയിലെ ജനങ്ങളെ വിസ്മയിപ്പിച്ചതിനെ കുറിച്ചും, ഈ അപ്പോസ്തലിക യാത്രയുടെ ഓർമ്മകളെ കുറിച്ചും മാർപ്പാപ്പയുടെ ആരോഗ്യത്തെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്ക് മാൾട്ടാ ടെലിവിഷൻ മാധ്യമപ്രവർത്തകനായ അന്ദ്രേയാ റോസ്സിത്തോയ്ക്കാണ് പാപ്പാ ആദ്യം ഉത്തരം നൽകിയത്.

കാൽ മുട്ടിന്റെ വേദന തീവ്രമാണെന്ന് പാപ്പാ വെളിപ്പടുത്തി. 'എന്റെ ആരോഗ്യത്തിന് ഇടയ്ക്കിടെ മാറ്റം സംഭവിക്കുന്നുണ്ട്. മുട്ടിന്റെ വേദന കാരണം രണ്ടാഴ്ചകൾക്ക് മുമ്പ് എനിക്ക് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. ഇപ്പോൾ അത്ര വലിയ പ്രശ്നമില്ല. എങ്കിലും ഈ പ്രായത്തിൽ ആരോഗ്യത്തിന്റെ ഇത്തരം കളികൾ എവിടെപ്പോയി അവസാനിക്കുമെന്നറിയില്ല. നല്ല പരിണാമം സംഭവിക്കുമെന്ന് വിശ്വസിക്കാം'– പാപ്പാ പറഞ്ഞു.

'അപ്പോസ്തോലിക യാത്രയിൽ മാൾട്ടാ, കോസോ ദ്വീപുകളിലെ ജനങ്ങളുടെ ഉത്സാഹം എന്നെ സന്തോഷിപ്പിച്ചു. പൊതുവേ ഈ യാത്ര എനിക്ക് ഒത്തിരി സന്തോഷം നൽകി. അതേസമയം കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾ കൂടുതലായി കാണാൻ കഴിഞ്ഞു.കുടിയേറ്റക്കാരെ  സംബന്ധിച്ച മുഴുവൻ പ്രശ്നങ്ങളെയും  അവരെ കൂടുതൽ സ്വീകരിക്കുന്ന മാൾട്ട പോലുള്ള അയൽ രാജ്യങ്ങളെ അടിച്ചേൽപ്പിക്കരുതെ'ന്ന് പാപ്പാ അഭിപ്രായപ്പെട്ടു.'അഭയാർത്ഥികൾ ഹൃദയപൂർവം സ്വീകരിക്കപ്പെടണം. മാൾട്ടയിലെ അഭയാർത്ഥി കേന്ദ്രത്തിൽ അവരെ സന്ദർശിച്ചപ്പോൾ അവർ അഭിമുഖീകരിക്കുന്ന ഭയങ്കരമായ കഷ്ടപ്പാടുകളെ കുറിച്ച് അറിയാൻ കഴിഞ്ഞു.'

ഗ്രീസ്, സൈപ്രസ്, മാൾട്ട, ഇറ്റലി, സ്പെയിൻ എന്നീ രാഷ്ട്രങ്ങൾ മധ്യ കിഴക്കൻ രാജ്യങ്ങളുടെ സമീപത്തായിരിക്കുന്നതിനാൽ അവിടെ നിന്നുള്ള അഭയാർത്ഥികൾ ഈ രാജ്യങ്ങളിലേക്ക് കടന്നുവരുന്നതു സ്വാഭാവികമാണെന്ന് പാപ്പാ ചൂണ്ടിക്കാട്ടി.'എന്നാൽ ഇതിലുള്ള പ്രശ്നം പരിഹരിക്കുന്നതിനു മുന്നോടിയായി,  എത്രപേരാണ് ഈ രാജ്യങ്ങളിൽ


www.malankaralibrary.com



# അപ്പോസ്തലിക് സിസ്റ്റേഴ്സ് ഓഫ് കോൺസലാത്ത

## സന്യാസ സമൂഹത്തിലേക്ക് സ്വാഗതം





"നമുക്ക് ദൈവത്തിന്റെ തീർത്ഥാടകരാകാം.
സ്നേഹത്തിനുവേണ്ടി ഏതു ത്യാഗവും
സഹിക്കുവാൻ തയ്യാറായി
പാവങ്ങൾക്കിടയിലേക്ക്
കടന്നുചെല്ലാം"

കുട്ടികൾ, അനാഥശിശുക്കൾ, യുവജനങ്ങൾ, കുടുംബങ്ങൾ, രോഗികൾ, വൃദ്ധർ തുടങ്ങി തങ്ങളുടെ സാന്നിധ്യം എവിടെയൊക്കെ ആവശ്യമാണോ ആ മേഖലകളിലെല്ലാം ദൈവത്തിന്റെ സ്നേഹവും കരുണയും പകരുന്നതിന് അപ്പോസ്തലന്മാരെ പോലെ ഓരോ ദിവസവും അയയ്ക്കപ്പെടുന്നവരാണ് അപ്പോസ്തലിക് സിസ്റ്റേഴ്സ് ഓഫ് കോൺസലാത്ത സന്യാസ സമൂഹത്തിലെ ഓരോ സന്യാസിനിയും.

* 1949 നവബർ 16 ന് ഇറ്റലിയിലെ ഫ്ളോറൻസിൽ *മദർ ക്വിന്റില സോളിഗോയാണ്* ഈ സന്യാസ സഭ സ്ഥാപിച്ചത്.

* 1981-ൽ ആഫ്രിക്കയിലേക്കും 1981-ൽ  ഇന്ത്യയിലെ തെലങ്കാന, വിജയവാഡ എന്നിവിടങ്ങളിലേക്കും കേരളത്തിലെ കൊച്ചി, ആലപ്പുഴ രൂപതകളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചു.

* സുപ്പീരിയർ,
മദർ മരിയ സോളിഗോ ഹൗസ്
അർത്തുങ്കൽ P.O. ചേർത്തല 688 530
Mob: 9947455860, 8129918332
P.h: 0478 257 1355
email : consolot @vsnl.net

* വൊക്കേഷൻ പ്രൊമോട്ടർ,
കോൺസലാത്ത ഹൗസ്
കുമ്പളങ്ങി P.O. കൊച്ചി 682 007
P.h: 0484 2240272

www.malankaralibrary.com



മാർട്ടയിലെ അപ്പോസ്തോലിക സന്ദർശനത്തിൽ പല പ്രാവശ്യം യുദ്ധത്തെക്കുറിച്ച് പാപ്പാ സംസാരിച്ച കാര്യം ചൂണ്ടിക്കാട്ടി അമേരിക്കൻ മാധ്യമ പ്രവർത്തകനായ ജെറി ഓ കോണേൽ ചോദിച്ചു:'യുദ്ധം ആരംഭിച്ചതിനുശേഷം പരിശുദ്ധ പിതാവ് റഷ്യൻ പ്രസിഡണ്ട് പുടിനുമായി സംസാരിച്ചുവോ?ഇനി ഇന്ന് സാഹചര്യം ലഭിച്ചാൽ എന്തു സംസാരിക്കും? '. അതിനുത്തരം നൽകിയ പാപ്പാ രണ്ടു രാഷ്ട്രങ്ങളിലെ അധികാരികളോടും താൻ സംസാരിച്ചത് രഹസ്യമല്ല എന്നു ചൂണ്ടിക്കാട്ടി. റഷ്യയിലെ ഓർത്തഡോക്സ് പാത്രിയർക്കീസ് കിറിലുമായും താൻ സംസാരിച്ചു. അദ്ദേഹം തങ്ങളുടെ സംഭാഷണത്തെ കുറിച്ച നല്ലൊരു റിപ്പോർട്ട് പുറത്തിറക്കുകയും ചെയ്തു.

**പുടിൻ വിളിച്ചത് കഴിഞ്ഞ വർഷം**

റഷ്യൻ പ്രസിഡണ്ട് പുടിൻ കഴിഞ്ഞ വർഷാവസാനത്തിൽ തനിക്ക് ജന്മദിനം ആശംസിക്കാൻ വിളിച്ചപ്പോഴാണ് താൻ അദ്ദേഹത്തോടു സംസാരിച്ചത്. യുക്രെയ്ൻ പ്രസിഡന്റിനോട് രണ്ട് പ്രാവശ്യം സംസാരിച്ചു. യുദ്ധം ആരംഭിച്ച ആദ്യ ദിവസം തന്നെ റഷ്യൻ എംബസ്സിയിൽ ചെന്ന് അധികാരികളോടു യുദ്ധത്തെക്കുറിച്ചുള്ള തന്റെ വികാരം വെളിപ്പെടുത്തി. യുക്രെയ്നിലെ കീവ് മേജർ ആർച്ച്ബിഷപ്പ് ഷെവ് ചുക്കുമായി സംസാരിച്ചു എന്നും പാപ്പാ വെളിപ്പെടുത്തി.

പുടിനോടു സംസാരിക്കാൻ തനിക്ക് അവസരം ലഭിച്ചാൽ എല്ലാ അധികാരികളോടും പറഞ്ഞത് തന്നെ അദ്ദേഹത്തോടും താൻ പറയും. ഈ കാര്യത്തിൽ രണ്ട് മുഖമില്ല. താൻ എപ്പോഴും ഒരേ പോലെ സംസാരിക്കും.'ന്യായമായ യുദ്ധത്തെയും അന്യായമായ യുദ്ധത്തെയും കുറിച്ച് ചോദ്യത്തിൽ സംശയമുള്ളത് ഞാൻ മനസ്സിലാക്കുന്നു' എന്നു പറഞ്ഞുകൊണ്ട് യുദ്ധത്തെക്കുറിച്ച് പാപ്പാ വിശദമായി സംസാരിച്ചു.


www.malankaralibrary.com

# DINASEVANASABHA (Servants of the poor)

"What you have done to the least of my brethren, you have done to me".(Mt 25:40)

# ദീനസേവനസഭയിലേക്ക് സ്വാഗതം



**കേരളത്തിൽ കണ്ണൂർ ജില്ലയിൽ തളിപ്പറമ്പിനടുത്തുള്ള ചിറക്കൽ മിഷനിലെ പട്ടുവം എന്ന പുണ്യഗ്രാമത്തിൽ 1969 ജൂൺ 1ന് സി. ' മരിയ പേത്ര മോണിംഗ് മാൻ എന്ന ജർമ്മൻ ഉർസുലൈൻ സഭാംഗത്താൽ സ്ഥാപിതമായ ഒരു സന്യാസിനി സമൂഹമാണ് ദീനസേവനസഭ.**

**ദീനസേവനസഭ ഇന്ന്:**

**സേവനത്തിന്റെ 52 വർഷം പിന്നിട്ട ദീനസേവനസഭ ഇന്ന് മുന്ന് പ്രൊവിൻസുകളും ഒരു വൈസ് പ്രൊവിൻസുമായി ഉയർന്ന് ഇന്ത്യ, ജർമനി, ഇറ്റലി, അമേരിക്ക എന്നിവിടങ്ങളിലായി 100 ശാഖാ ഭവനങ്ങളിലൂടെ 630 സഹോദരിമാർ 55 രൂപതകളിലായി ശുശ്രൂഷ നടത്തിവരുന്നു.**



**മേഖലകൾ:**

**ശാരീരിക മാനസിക വെല്ലുവിളികളാലും, വൈകല്യത്താലും കഷ്ടപ്പെടുന്ന പെൺകുട്ടികൾക്കായുള്ള പുനരധിവാസകേന്ദ്രം , ബധിരമൂക വിദ്യാഭ്യാസം, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ, സാമൂഹ്യ സേവനങ്ങൾ, രോഗീപരിചരണം,കൗൺസിലിംഗ് തുടങ്ങിയ സേവനങ്ങളാലും സംസ്കാരം കടന്നുചെല്ലാത്ത ഗ്രാമാന്തരങ്ങളിൽ, പരിഷ്ക്കാരം പദമുന്നാത്ത പട്ടണങ്ങളിൽ, വാത്സല്യം നുകരാൻ ഭാഗ്യം ലഭിക്കാത്ത പിഞ്ചോമനകളിൽ , പരിചരണം ആഗ്രഹിക്കാൻ അർഹതയില്ലാത്ത ആലംബഹീനരിൽ, ദീനസേവനസഭാംഗങ്ങൾ സ്നേഹിക്കുവാൻ ഒരു ഹൃദയവും സ്വീകരിക്കുവാൻ നീട്ടിയ കരങ്ങളുമായി ത്യാഗബുദ്ധ്യാ ഓടിയടുക്കുന്നു.**

**കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച്. ലളിത ജീവിതത്തിലൂടെ കർമ്മകുശലതയോടെ നാഥന്റെ കാൽപ്പാടുകളെ പദാനുപദം പിൻചെല്ലുവാൻ നിങ്ങളും ആഗ്രഹിക്കുന്നുവോ? എങ്കിൽ ദീനസേവനസഭയിലേക്ക് സ്വാഗതം!**

**VOCATION PROMOTER,**
Dinasevana Sabha (Servants of the Poor)
Amala Provincial House, Peruvayal P.O,
Kozhikode -673008.
Mob: 9544233960, 7994278794

www.malankaralibrary.com



'ഓരോ യുദ്ധവും എപ്പോഴും ഒരു അനീതിയിൽ നിന്നാണ് തുടങ്ങുന്നത്. ഇത് സമാധാനം സ്ഥാപിക്കാനുള്ള പാതയല്ല. ഉദാഹരണത്തിന് ആയുധങ്ങൾ വാങ്ങാൻ പണം നിക്ഷേപിക്കുന്നവർ തങ്ങളുടെ സുരക്ഷയ്ക്ക് വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നതെന്ന് പറയുന്നു. ഇത് തന്നെയാണ് യുദ്ധത്തിന്റെ വഴി. രണ്ടാം ലോകമഹായുദ്ധം അവസാനിച്ചപ്പോൾ ഇനി ഒരിക്കലും യുദ്ധം വേണ്ടെന്നും സമാധാനം വേണമെന്നുമാണ് എല്ലാവരും പറഞ്ഞത്. ഹിരോഷിമ, നാഗസാക്കി നഗരങ്ങളിൽ ആണവ ബോംബുകൾ വർഷിച്ചതിനു ശേഷം സമാധാനം കൈവരിക്കാൻ ആയുധങ്ങൾ ഉപേക്ഷിക്കണമെന്ന നല്ല ചിന്തകൾ രൂപപ്പെട്ടു. പക്ഷേ, എഴുപത് വർഷങ്ങൾ പിന്നിട്ടശേഷം ഈ കാലഘട്ടത്തിൽ അതെല്ലാം നാം മറന്നിരിക്കുന്നു. ഇങ്ങനെയാണ് യുദ്ധം സ്വയം അടിച്ചേൽപ്പിക്കപ്പെടുന്നത്.

അന്ന് ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനങ്ങളിൽ ഒത്തിരി പ്രത്യാശയുണ്ടായിരുന്നു. പക്ഷേ യുദ്ധത്തിന്റെ രീതികൾ വീണ്ടും തെളിഞ്ഞു. സമാധാനത്തെക്കുറിച്ച് ചിന്തിക്കുന്നത് നാം ശീലമാക്കുന്നില്ല. ഗാന്ധിജിയെ പോലുള്ള മഹത് വ്യക്തികളും മറ്റും സമാധാനം സ്ഥാപിക്കുന്ന രീതികളെ കുറിച്ച് പറഞ്ഞിട്ടുള്ളത് ചാക്രിക ലേഖനമായ ഫ്രത്തെല്ലി തുത്തിയിൽ (സകലരും സഹോദരർ) പരാമർശിച്ചിട്ടുണ്ട്. എന്നാൽ മാനവസമൂഹമായ നാം വാശിയോടെയിരിക്കുന്നു. കായേന്റെ വികാരങ്ങളോടെ യുദ്ധത്തോടു നാം പ്രണയത്തിലായിരിക്കുന്നു.

മാൾട്ടാ സന്ദർശനത്തിന് ശേഷം മടങ്ങിയെത്തിയ ഫ്രാൻസിസ് പാപ്പാ, പരിശുദ്ധ കന്യകമറിയത്തിന്റെ മാതൃ സംരക്ഷണത്തിന് നന്ദി പ്രകടിപ്പിക്കുന്നതിനായി വിശുദ്ധ മേരി മേജർ ബസിലിക്കയിലെത്തി അവിടെ പുരാതന റോമൻ തിരുസ്വരൂപമായ മരിയ സാലൂസ് പോപ്പുളി റൊമാനിയുടെ മുന്നിൽ ഒരു നിമിഷം പ്രാർത്ഥിച്ചതായി വത്തിക്കാന്റെ വാർത്താവിനിമയ കാര്യാലയം അറിയിച്ചു.ബോർഗീസ് ചാപ്പലിലെ പരിശുദ്ധ കന്യകയുടെ രൂപത്തിന് താഴെയുള്ള അൾത്താരയിൽ പുഷ്പങ്ങൾ അർപ്പിച്ച പാപ്പാ തുടർന്ന് തന്റെ വസതിയായ വത്തിക്കാനിലെ സാന്താ മാർത്തയിലേക്ക് കാറിൽ മടങ്ങി.


www.malankaralibrary.com



www.malankaralibrary.com



കോവിഡ്–19 നിയന്ത്രണങ്ങൾ കാരണം രണ്ടു തവണ വൈകിയ സന്ദർശനമാണ് രണ്ടു ദിവസം കൊണ്ട് മെഡിറ്ററേനിയൻ രാജ്യമായ മാൾട്ടയിൽ പാപ്പാ പൂർത്തിയാക്കിയത്.കുടിയേറ്റവും യുദ്ധവും ഭക്ഷ്യ വിഷയങ്ങളായി കത്തിനിൽക്കവേ നടത്തിയ അപ്പോസ്തോലിക യാത്രയുടെ പ്രമേയം
'അവർ ഞങ്ങളോട് അസാധാരണമായ ദയ കാണിച്ചു' എന്നതായിരുന്നു (അപ്പസ്തോല പ്രവർത്തനം ഇരുപത്തിയെട്ടാം അദ്ധ്യായത്തിലെ രണ്ടാം വാക്യം).കുടിയേറ്റക്കാരെ സ്വാഗതം ചെയ്യാനും സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സമന്വയിപ്പിക്കാനുമുള്ള രാജ്യങ്ങളുടെ ആവശ്യകതയെക്കുറിച്ച് പരിശുദ്ധ പിതാവ് ഇടയ്ക്കിടെ സംസാരിച്ചു.

തന്റെ ആദ്യ പരിപാടിയായിരുന്ന സിവിൽ അധികാരികളുമായുള്ള കൂടിക്കാഴ്ചയിൽ കുടിയേറ്റക്കാരോടുള്ള ഐക്യദാർഢ്യത്തിനായി ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തു. മാർട്ടാ അപ്പോസ്തോലിക യാത്രയുടെ അവസാനമായി ഹാൽ ഫാറിലെ 'ജോൺ ഇരുപത്തിമൂന്നാമൻ പീസ് ലാബ്'' കുടിയേറ്റ കേന്ദ്രം സന്ദർശിച്ചത് പാപ്പായുടെ ഉദ്ദേശ്യത്തിന്റെ മൂർത്തമായ ഉദാഹരണമായി മാധ്യമ ശ്രദ്ധ പിടിച്ചുപറ്റി.

റോമിലേക്കുള്ള തന്റെ മടക്കയാത്രയിൽ മാൾട്ടയിലെ പ്രസിഡണ്ടിനെ അഭിസംബോധന ചെയ്തു പാപ്പാ അവിടത്തെ സിവിൽ അധികാരികൾക്കും, മാൾട്ടയിലെ ജനങ്ങൾക്കും നന്ദി രേഖപ്പെടുത്തി.'അപ്പോസ്തലനായ വിശുദ്ധ പൗലോസിന്റെ മധ്യസ്ഥതയിലൂടെ നിങ്ങളുടെ രാഷ്ട്രം സർവ്വശക്തനായ ദൈവത്താൽ സമൃദ്ധമായി അനുഗ്രഹിക്കപ്പെടട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.' എന്ന് ആശംസിക്കുകയും ചെയ്തു.

രാഷ്ട്രം നൽകിയ ഊഷ്മള വരവേൽപ്പിനു ശേഷം 'താ പിനു' ദേശീയ മരിയൻ തീർത്ഥാടന കേന്ദ്രത്തിലെത്തി പ്രാർത്ഥനാ ശുശ്രൂഷ നയിച്ചുകൊണ്ടാണ് പാപ്പാ മാൾട്ടയിലെ പൊതു പരിപാടികൾക്കു തുടക്കമിട്ടത്. മുപ്പതിനായിരത്തോളം പേർ വസിക്കുന്നതും മാൾട്ടയുടെ മൂന്നിൽ ഒന്നു വലിപ്പം വരുന്നതുമായ ഗോസൊ ദ്വീപിന്റെ വടക്കുപടിഞ്ഞാറെ ഭാഗത്തു


www.malankaralibrary.com



# MEDICAL SISTERS OF ST. FRANCIS ASSISI

## സഭയിലേക്ക് സ്വാഗതം

ക്രിസ്തുവിന്റെ സ്നേഹം എല്ലാറ്റിനെയും കീഴടക്കുന്നു.
ക്രിസ്തുവിന്റെ സ്നേഹം എല്ലാറ്റിനും ഉപരിയാണ്' രണ്ടാം
ക്രിസ്തുവായി അറിയപ്പെടുന്ന
വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ നാമത്തിൽ 1844 –ൽ
ജർമ്മനിയിൽ സ്ഥാപിതമായ സഭയിലേക്ക്
സുവിശേഷാധിഷ്ഠിത സേവനമനുഷ്ഠിക്കാൻ
ഈ ലോകത്തിൽ തമ്പുരാനു വേണ്ടി ആത്മാർപ്പണം
ചെയ്യാൻ ആഗ്രഹമുള്ള കുഞ്ഞനുജത്തിമാർ
ഈ വിലാസത്തിൽ ഞങ്ങളുമായി
ബന്ധപ്പെടുക.

**Medical sisters of St Francis of Assisi ,**
**St.Francis Convent,**
**Valiaveli, Trivandrum,**
**Pin:695021. Mob.6396044232**

www.malankaralibrary.com

ള്ള ഗാർബ് എന്ന സ്ഥലത്താണ് വിഖ്യാതമായ 'താ പിനു' മരിയൻ തീർത്ഥാടനകേന്ദ്രം. ഗോത്തിക് വാസ്തുകലാ ശൈലിയിൽ തീർത്തിരിക്കുന്ന ദേവാലയമാണിത്.

അവിടെ ഉണ്ടായിരുന്ന ഒരു കപ്പേള 1575–ൽ ഗ്രിഗറി പതിമൂന്നാമൻ പാപ്പാ നിയോഗിച്ച പീയെത്രൊ ദുത്സീന അതിന്റെ ശോചനീയാവസ്ഥ കണ്ട് പൊളിച്ചു മാറ്റാൻ തീരുമാനിച്ചു. എന്നാൽ ഇടിച്ചു നിരത്തൽ ജോലി തുടങ്ങിയ ഉടനെ ഒരു തൊഴിലാളിയുടെ കൈ ഒടിഞ്ഞതിനാൽ പണി നിറുത്തിവച്ചു. പിന്നീട് പീനൊ ഗവുച്ചി എന്നയാൾ ഈ കപ്പേള സ്വന്തമാക്കുകയും വലുതാക്കി പുനരുദ്ധരിക്കുകയും സ്വർഗ്ഗാരോപിത നാഥയുടെ ചിത്രം അതിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. എന്നാൽ രണ്ടു നൂറ്റാണ്ടോളം ആ കപ്പേളയിൽ ആരാധനാ കർമ്മങ്ങൾ ഉണ്ടായിരുന്നില്ല.

1883 ജൂൺ 22–ന് കർമ്മേല ഗ്രീമ എന്ന ഒരു ഗ്രാമീണ സ്ത്രീ ആ കപ്പേളയുടെ അരികിലൂടെ കടന്നു പോകവെ ഒരു സ്വരം കേട്ടു : 'എനിക്കുവേണ്ടി മൂന്നു നന്മ നിറഞ്ഞ മറിയമേ ചൊല്ലുക. ഞാൻ കല്ലറയിൽ കിടന്ന 3 ദിവസത്തിൽ ഒരോ ദിനത്തിനും ഓരോന്നു വീതം'. ഈ വിവരം തന്റെ സുഹൃത്തായ ഫ്രാൻചെസ്കൊ പൊർത്തേല്ലിയെ ആ സ്ത്രീ രഹസ്യമായി അറിയിച്ചു. താനും ഇതേ ക്ഷണം ആ ദേവാലയപരിസരത്തുവച്ച് ശ്രവിച്ചിട്ടുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രത്യുത്തരം. അതിനിടെ ഇവരുടെ പേര് ദ്വീപിലെങ്ങും പ്രചരിച്ചു. അവർ അത്ഭുത രോഗസൗഖ്യം പ്രദാനം ചെയ്യാനും തുടങ്ങിയിരുന്നു. അങ്ങനെ 'താ പിനു' ഒരു തീർത്ഥാടന കേന്ദ്രമായി പരിണമിച്ചു. 1887–ൽ അവിടെ മരിയ വണക്കം ആരംഭിക്കാനുള്ള അനുമതി പ്രാദേശിക മെത്രാൻ നല്കി. മാൾട്ടയിൽ കോളറ പടർന്നു പിടിച്ച വേളയിൽ ഗോത്സൊ ദ്വീപ് അതിൽ നിന്ന് മുക്തമായിരുന്നത് ഒരു അത്ഭുതമായി കരുതപ്പെടുന്നു.

താ പിനു മരിയൻ ദേവാലയത്തിലേക്ക് പോകുന്നതിനായി ആദ്യം പാപ്പാ അപ്പൊസ്തോലിക് നൺഷിയേച്ചറിൽ നിന്ന് 12 കിലോമീറ്റർ അകലെയുള്ള ലോ വല്ലേത്ത തുറമുഖത്തേക്ക് കാറിൽ യാത്രയായി. അവിടെനിന്ന് ബോട്ടിൽ ഗോത്സൊ ദ്വീപിലെ മ്ഗാർ തുറമുഖത്തെത്തി. ഈ തുറമുഖത്തു നിന്ന് താ പിനു മരിയൻ തീർത്ഥാടന കേന്ദ്രത്തിലേക്കുള്ള 10 കിലോമീറ്റർ ദൂരം കാറിലാണ് യാത്ര ചെയ്തത്. ദേവാലയത്തിനടുത്ത് എത്താറായപ്പോൾ പാപ്പാ കാറിൽ നിന്ന് മാറി, പേപ്പൽ വാഹനത്തിൽ കയറി. തന്നെ ഒരുനോക്കു കാണാൻ വഴിയോരങ്ങളിൽ കാത്തുനിന്നിരുന്നവരെ പാപ്പാ നിരാശപ്പെടുത്തിയില്ല. ദേവാലയത്തിനകത്തും പുറത്തുമായി 3000–ത്തോളം പേർ സമ്മേളിച്ചിരുന്നു. അവർ മഞ്ഞയും വെള്ളയും നിറങ്ങൾ ചേർന്ന പേപ്പൽ പതാകകൾ വീശി ഹർഷാരവം മുഴക്കി.

ദേവാലയത്തിനു മുന്നിലെത്തിയ പാപ്പാ വാഹനത്തിൽ നിന്നിറങ്ങി അകത്തു പ്രവേശിച്ചു. അവിടെ രോഗികൾ ഉൾപ്പടെ കുറച്ചു പേർ സന്നിഹിതരായിരുന്നു. ദേവാലയത്തിനകത്ത് പരിശുദ്ധ കന്യകാമറിയത്തിന് പ്രതിഷ്ഠിതമായ കപ്പേളയിൽ അല്പസമയം പ്രാർത്ഥിക്കാനെത്തിയ പാപ്പായ്ക്ക് ദേവലയത്തിന്റെ ചുമതലയുള്ള വൈദികൻ ഒരു കുരിശുരൂപം ചുംബിക്കാൻ നല്കി.തുടർന്ന് പരിശുദ്ധ കന്യകയുടെ ചിത്രത്തിനു മുന്നിൽ പാപ്പാ റോസാ പുഷ്പം സമർപ്പിച്ചു.'നന്മ നിറഞ്ഞ മറിയമേ' പ്രാർത്ഥന മൂന്നു പ്രാവശ്യം ചൊല്ലിയതിനു ശേഷം മുഖ്യ ബലിപീഠത്തിനരികിലേക്കു പോകുകയും രോഗികളെ ആശീർവ്വദിക്കുകയും ചെയ്തു.

പ്രാർത്ഥനാശുശ്രൂഷയ്ക്കായി വേദി ഒരുക്കിയിരുന്നത് ദേവാലയാങ്കണത്തിലാണ്.ദേവാല


www.malankaralibrary.com

*വിളവധികം വേലക്കാരോ ചുരുക്കം ... തന്റെ വിളഭൂമിയിലേക്ക്*
*വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ*
(വി. മത്താ 9 : 37 , 38 )




# മിഷനറിയാവാൻ ആഗ്രഹിക്കുന്നുവോ ...

**ആരാധനാ സന്യാസിനീ സമൂഹത്തിലേക്ക് സ്വാഗതം**
**ജഗദൽപൂർ രൂപതയിൽ, വിശുദ്ധകുർബാനയുടെ**
**ആരാധ നാസന്യാസിനീ സമൂഹത്തിന്റെ ശാഖയായ**
**പവിത്രാത്മാ പ്രൊവിൻസിലെ അംഗമായി ചേർന്ന് ഒരു യഥാർത്ഥ**
**മിഷനറിയാകാൻ ആഗ്രഹിക്കുന്ന കുഞ്ഞനുജത്തിമാർക്ക് സ്വാഗതം.**
**സന്യാസ ജീവിതം നയിക്കാനാഗ്രഹിക്കുന്ന,**
**എസ്. എസ്. എൽ. സി. യോ**
**ഉപരിവിദ്യാഭ്യാസ യോഗ്യതയോ ഉള്ളവരെ**
**ആരാധനാ സമൂഹത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.**
**ബന്ധപ്പെടേണ്ട നമ്പർ**

**Sr. Litty Pallithanam SABS**
**Vocation Promoter**
**Ph: 7465877485**

SACRIFICE SERVICE S.A.B.S LOVE

**SISTERS OF THE ADORATION OF THE BLESSED SACRAMENT**

www.malankaralibrary.com

യത്തിനു മുന്നിലുള്ള വേദിയിലേക്കു പാപ്പാ നീങ്ങിയപ്പോൾ ഗായക സംഘം പ്രാർത്ഥനാ ഗീതം ആലപിച്ചു. ഗാനാനന്തരം ആമുഖ പ്രാർത്ഥന കഴിഞ്ഞപ്പോൾ ഗോത്സൊ രൂപത യുടെ മെത്രാൻ അന്തോണി തെവുമ പാപ്പായെ സ്വാഗതം ചെയ്തു.

### ചെറുദ്വീപിന്റെ വലിയ ഹൃദയം

'വലിയ ഹൃദയത്തോടുകൂടിയ ചെറുദ്വീപായ ഗോത്സൊയിലേക്ക് സ്വാഗതം....' എന്ന വാക്കുകളോടെ ആരംഭിച്ച ബിഷപ്പ് അന്തോണി തെവുമയുടെ പ്രഭാഷണത്തിൽ പ്രാദേശിക സഭയുടെ പ്രാതിനിധ്യം ഈ പ്രാർത്ഥനാ ശുശ്രൂഷയിൽ ഉണ്ടെന്ന കാര്യം പ്രത്യേകം ഊന്നിപ്പറഞ്ഞു.

സ്വപുത്രൻ മരിച്ചുകിടക്കുന്ന കുരിശിന്റെ ചുവട്ടിൽ അവന്റെ അമ്മയായ മറിയവും പ്രിയശിഷ്യനായ യോഹന്നാനും നില്ക്കുന്ന രംഗം അനുസ്മരിച്ചുകൊണ്ടാണ് പാപ്പാ സുവിശേഷ സന്ദേശം നല്കിയത്. ഈ കുരിശുമരണം ചരിത്രത്തിന്റെ ഒടുക്കമായിട്ടല്ല പ്രത്യുത, പുതിയ ജീവന്റെ തുടക്കമായിട്ടാണ് യോഹന്നാന്റെ സുവിശേഷം അവതരിപ്പിക്കുന്നതെന്ന് പാപ്പാ അനുസ്മരിച്ചു. യേശുവിന്റെ ആ സമയത്തിൽ നിന്ന് ഉദയംകൊള്ളുന്ന പുതിയ തുടക്കത്തെക്കുറിച്ച് ചിന്തിക്കാൻ താ പിനു മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ നിന്ന് നമുക്കു സാധിക്കണം. ഇത് രക്ഷയുടെ സമയമാണെന്നും നമ്മുടെ വിശ്വാസവും നമ്മുടെ സമൂഹത്തിന്റെ ദൗത്യവും നവീകരിക്കുന്നതിന് നാം ആ തുടക്കത്തിലേക്ക് തിരിച്ചു പോകേണ്ടതുണ്ടെന്നും പാപ്പാ വിശദീകരിച്ചു.

### റബാത്തിലെ ഗ്രോട്ടോ സന്ദർശനം

ഇടയസന്ദർശനത്തിന്റെ രണ്ടാം ദിനം പാപ്പായുടെ പരിപാടികൾ അപ്പൊസ്തോലിക്ക് നൺഷിയേച്ചറിൽ ഈശോസഭാംഗങ്ങളുമായുള്ള ഹ്രസ്വകൂടിക്കാഴ്ചയോടെയാണ് ആരംഭിച്ചത്. റബാത്തിൽ വിശുദ്ധ പൗലോസിന്റെ ഗുഹ അഥവാ ഗ്രോട്ടൊ സന്ദർശനം ഫ്ളൊറിയാനയിൽ ദിവ്യബലി, മദ്ധ്യാഹ്നപ്രാർത്ഥന, കുടിയേറ്റക്കാരുടെ കേന്ദ്ര സന്ദർശനം കുടിയേറ്റക്കാരുമായുള്ള കൂടിക്കാഴ്ച എന്നിവയായിരുന്നു ഇതര പരിപാടികൾ.

ക്രിസ്തുവിനു ശേഷം അറുപതാം ആണ്ടിൽ, റോമിൽ വിസ്തരിക്കപ്പെടുന്നതിനായി കൊണ്ടുപോകവേ ഉണ്ടായ കപ്പലപകടത്തിൽ നിന്ന് രക്ഷപ്പെട്ട തടവുകാരിൽ ഒരാളായിരുന്ന വിശുദ്ധ പൗലോസ് താമസിച്ച ഇടമാണ് റബാത്തിലെ ഗുഹ അഥവാ ഗ്രോട്ടൊ. മാൾട്ടയിൽ സുവിശേഷം പ്രഘോഷിച്ചുകൊണ്ട് പൗലോസ് മൂന്നു മാസം അവിടെ ചെലവഴിച്ചു.

വിശിഷ്ട വ്യക്തികൾ സന്ദർശനക്കുറിപ്പു രേഖപ്പെടുത്തുന്ന ഗ്രോട്ടോയിലെ ഗ്രന്ഥത്തിൽ പാപ്പാ ഒപ്പുവയ്ക്കുകയും ചെയ്തു. പാപ്പാ കുറിച്ചത് ഇങ്ങനെ:'വിജാതീയരുടെ അപ്പൊസ്തോലനും ഈ ജനതയുടെ വിശ്വാസത്തിലുള്ള പിതാവുമായ വിശുദ്ധ പൗലോസിനെ അനുസ്മരിക്കുന്ന ഈ പുണ്യസ്ഥലത്ത് ഞാൻ കർത്താവിന് നന്ദി പ്രകാശിപ്പിക്കുന്നു. മാൾട്ടയിലെ ജനങ്ങൾക്ക് സമാശ്വാസത്തിന്റെ ആത്മാവിനെയും പ്രഘോഷണ തീക്ഷ്ണതയെയും എല്ലായ്പ്പോഴും അവിടന്നു പ്രദാനം ചെയ്യട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.'

പിന്നീട്, പൗലോസപ്പൊസ്തോലന്റെ ബസിലിക്കയിൽ പ്രവേശിച്ച പാപ്പാ ദേവാലയത്തിനകത്ത് സാവധാനം നീങ്ങവെ, അവിടെ സന്നിഹിതരായിരുന്ന പതിനാല് മതനേതാ


www.malankaralibrary.com



# സാൻ പിയോ

## കപ്പുച്ചിൻ ഇൻസ്റ്റിട്യൂട്ട് ഫോർ ട്രെയിനിംഗ്

### കൗൺസിലേഴ്സ് ആന്റ് സൈക്കോ തെറാപ്പിസ്റ്റ്

കോവിൽത്തോട്ടം,
ചവറ പി.ഒ.
കൊല്ലം 691583

Affiliated to
The Fountain College,
Krishnagiri, (Recognised by
Periyar University, Tamil nadu)

Ph : 0476 2684847,
Mob : 8606123331, 7907707970,
email : sanpio@gmail.com,
web : sanpiocap.org

## ബേസിക് - അഡ്വാൻസ്ഡ് - ഡിപ്ലോമ കോഴ്സ് ഇൻ കൗൺസിലിംഗ് ആന്റ് സൈക്കോ തെറാപ്പി

(ഒരു പ്രൊഫഷണൽ കൗൺസിലർ ആകാനുള്ള പരിശീലനം)

2022 മെയ് 7 മുതൽ 30 വരെ (മലയാളം)
2022 നവംബർ 15 മുതൽ ഡിസംബർ 5 വരെ (മലയാളം)

### ആർക്കെല്ലാം പങ്കെടുക്കാം ?

- MSW സൈക്കോളജി സ്റ്റുഡന്റ്സ്, അധ്യാപകർ, അഭിഭാഷകർ, സാമൂഹിക പ്രവർത്തകർ, ആതുര ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്നവർ, നേതൃത്വ പരിശീലകർ, സന്ന്യസ്തർ, വൈദികർ.
- കോവിഡാനന്തര മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്ന സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ / തൊഴിലാളികൾക്ക് ആവശ്യാനുസരണം ക്ലാസുകൾ നൽകുന്നു.

### പരിശീലന രീതി

ക്ലാസ് മുറി പഠനം, ചർച്ച, തെറാപ്പി പരിശീലനം, ഗ്രൂപ്പ് ചർച്ചകൾ, ആശുപത്രികളിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള പരിശീലനം

**കോഴ്സ് ഫീ : 14000 രൂപ** (ആഹാരം, താമസ സൗകര്യം കോഴ്സിനുള്ള സാമഗ്രികൾ ഉൾപ്പെടെ)

മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാൻ : 0476 – 2684847

ഫാ. ബേണി വർഗീസ് (ഡയറക്ടർ) 8606123331
ഫാ. എബിൻ പാപ്പച്ചൻ (അസി. ഡയറക്ടർ) 7907707970

www.malankaralibrary.com

ക്കാളെ അഭിവാദ്യം ചെയ്തു. തദനന്തരം രോഗികളുൾപ്പെടെ കാരിത്താസ് സംഘടന യുടെ സഹായത്തിൽ കഴിയുന്നവരുമായവരുടെ ചാരെയെത്തി പാപ്പാ അവരോടൊത്ത് അൽപ്പനേരം ചിലവഴിച്ചു. അതിനു ശേഷം സക്രാരിക്കു മുന്നിൽ, ദിവ്യകാരുണ്യസന്നി ധിയിൽ മൗനമായി പ്രാർത്ഥിച്ചു.തുടർന്ന് കാരുണ്യപ്രാർത്ഥന ചൊല്ലി. എഴുപതിലേറെ ഭൂഗർഭ ധാന്യസംഭരണശാലകൾ ഉണ്ടായിരുന്നിടത്താണ് ഗ്രനായി ചത്വരം സ്ഥിതിചെ യ്യുന്നത്. ഗ്രനായി ചത്വരം എന്ന പേരിന്റെ ഉൽപ്പത്തി ഈ ധാന്യപ്പുരകളിൽ നിന്നാണ്. കല്ലുകൊണ്ടുള്ള വൃത്താകൃതിയിലുള്ള അടപ്പുകളിട്ട് ഈ ധാന്യസംഭരണ അറകൾ മൂടിയി രിക്കുന്നത് ഇപ്പോഴും കാണാം.

മാൾട്ടയിലെ പ്രഥമ മെത്രാൻ എന്നു കരുതപ്പെടുന്ന വിശുദ്ധ പുബ്ലിയൊയുടെ നാമത്തിലു ള്ള ഒരു ദേവാലയം ചത്വരത്തിന് അഭിമുഖമായി തല ഉയർത്തി നിൽക്കുന്നു. കപ്പലപകട ത്തിൽ നിന്ന് രക്ഷപ്പെട്ട പൗലോസിനെ സ്വീകരിച്ചയാളാണ് അദ്ദേഹമെന്നും പാരമ്പര്യം പറയുന്നു. 112–മാണ്ടിൽ ത്രയാനൊ ചക്രവർത്തിയുടെ കാലത്ത് പുബ്ലിയൊ രക്തസാ ക്ഷിയായി. മാൾട്ടയുടെ സ്വർഗ്ഗീയ സംരക്ഷകരിൽ ഒരാളാണ് വിശുദ്ധ പുബ്ലിയൊ. ഈ വിശുദ്ധന്റെ തിരുന്നാൾ ജനുവരി 21–നാണ് ആചരിക്കുന്നത്.

ദേവാലയത്തിന് അഭിമുഖമായി ഇടതു വശത്തായിട്ടാണ് ലാളിത്യമാർന്ന ബലിവേദി ഒരുക്കിയിരുന്നത്. പശ്ചാത്തലത്തിൽ ഒരു കുരിശും ബലിവേദിക്ക് അഭിമുഖമായി അൾ ത്താരയുടെ വലത്തു വശത്തായി പരിശുദ്ധ കന്യകാനാഥയുടെ തിരുച്ചിത്രവും കാണാമാ യിരുന്നു. പാപ്പാ സങ്കീർത്തിയിലേക്കു പോയി പൂജാവസ്ത്രങ്ങൾ അണിഞ്ഞതിനു ശേഷം അൾത്താര ശുശ്രൂഷകരും സഹകാർമ്മികരുമൊത്ത് പ്രദക്ഷിണമായി ബലിവേദിയി ലെത്തി. അപ്പോൾ ഭക്തിസാന്ദ്രമായ പ്രവേശന ഗീതം അലയടിച്ചു. അൾത്താരവണക്ക ത്തിനും ധൂപാർപ്പണത്തിനും ശേഷം പാപ്പാ ആമുഖ പ്രാർത്ഥന ചൊല്ലി. വിശുദ്ധഗ്രന്ഥവാ യനകൾക്കു ശേഷം പാപ്പാ വചനസന്ദേശം നല്കി. സുവിശേഷ പ്രസംഗത്തിനു ശേഷം പാപ്പാ ദിവ്യബലി തുടർന്നു. ദിവ്യകാരുണ്യസ്വീകരണാന്തരം മാൾട്ട അതിരൂപതയുടെ ആർച്ച്ബിഷപ്പ് ചാൾസ് ജൂഡ് ഷിക്ലൂണ പാപ്പായ്ക്ക് നന്ദി പ്രകാശിപ്പിച്ചു.

**വളരട്ടെ വിശുദ്ധിയുടെ ശൃംഖല**

വിശുദ്ധ കുർബ്ബാനയുടെ സമാപനാശീർവ്വാദത്തിനു മുമ്പ് പാപ്പാ മദ്ധ്യാഹ്ന പ്രാർത്ഥന യ്ക്കൊരുക്കമായി ഹ്രസ്വ വിചിന്തനം നടത്തി. ഒരുവന് ദൈവജന വികാരം ശ്വസിക്കാൻ ഈ ദ്വീപുകളിൽ കഴിയുന്നു. വിശ്വാസം സന്തോഷത്തിൽ വളരുകയും ദാനത്തിൽ ശക്തി പ്പെടുകയും ചെയ്യുന്നു എന്ന ബോധ്യത്തോടുകൂടി മുന്നോട്ടു പോകണമെന്നും പാപ്പാ പറഞ്ഞു.ദൈവത്തിനും മറ്റുള്ളവർക്കുമായി ആവേശത്തോടെ തങ്ങളെത്തന്നെ സമർപ്പി ക്കാൻ നിരവധി മാൾട്ടാക്കാർക്ക് പ്രചോദകമായ വിശുദ്ധിയുടെ ശൃംഖല തുടരുക.

'നിങ്ങളുടെ ഭാവിയായ യുവാക്കളോട് ഒരു വാക്ക് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രിയ സുഹൃത്തുക്കളേ, ജീവിതത്തിലെ ഏറ്റവും മനോഹരമായ ഒരു കാര്യം ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുയാണ്. അത് എന്താണെന്ന് നിങ്ങൾക്കറിയാമോ? നമ്മെ സ്വതന്ത്രരാക്കുന്ന സ്നേഹത്തിൽ ജീവിക്കുന്നതിന്റെ സന്തോഷമാണ് അത്. എന്നാൽ ഈ സന്തോഷത്തിന് ഒരു പേരുണ്ട്: യേശു. നിന്നിൽ വിശ്വസിക്കുന്ന, നിങ്ങളോടൊപ്പം സ്വപ്നം കാണുന്ന, നിങ്ങ ളുടെ ജീവിതത്തെ സ്നേഹിക്കുന്ന, ഒരിക്കലും നിങ്ങളെ നിരാശപ്പെടുത്താത്ത കരുണയുടെ


www.malankaralibrary.com

**SACRED HEART CONGREGATION (S.H.)**

*To Love To Share To Redeem*



# ഈശോയുടെ തിരുഹൃദയം നിന്നെയും വിളിക്കുന്നു

**തിരുഹൃദയ സന്ന്യാസിനിസമൂഹം**
**താമരശ്ശേരി സാന്തോം പ്രൊവിൻസിലേക്ക്**
**കുഞ്ഞനുജത്തിമാർക്ക് സ്വാഗതം**

ജീവിതസമർപ്പണത്തിലൂടെ ഈശോയുടെ സ്വന്തമായി ആത്മാർപ്പണത്തിലൂടെ അപരന് ജീവൻ പകരാൻ, ആലംബഹീനർക്ക് അത്താണിയാകുവാൻ, വേദനിക്കുന്നവർക്ക് ആശ്വാസമാകാൻ തീക്ഷണതയിൽ മാന്ദ്യം കൂടാതെ ജീവിതം മുഴുവൻ സ്വയം ഉരുകിത്തീർന്ന് അപരന് ജീവനേകാൻ ഈശോ നിന്റെ ഉള്ളിൽ പ്രചോദനവും പ്രേരണയും നൽകുന്നില്ലേ...

ഞങ്ങൾ കാത്തിരിക്കുന്നു



തിരുഹൃദയ സന്ന്യാസിനി സമൂഹസ്ഥാപകൻ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചൻ

കൂടുതൽ വിവരങ്ങൾക്കായി വിളിക്കുക:
Vocation Promoter,
S.H. Provincial House, Marikunnu (P.O),
Poolakadavu, Kozhikode.
Ph: 0495 2731409. Mob: 8137935409, 8281635409

www.malankaralibrary.com

ദൈവമായ യേശുവിനെ സ്നേഹിക്കുന്നതിന്റെ മനോഹാരിത ഞാൻ നിങ്ങൾക്ക് ആശംസിക്കുന്നു. എന്നും യേശുവിനോടൊപ്പം, കുടുംബത്തോടൊപ്പം, ദൈവജനത്തോടൊപ്പം, മുന്നോട്ടുപോകുന്നതിന് നിങ്ങൾ ഒരിക്കലും വേരുകൾ മറക്കരുത്. മുതിർന്നവരോടു സംസാരിക്കുക, മുത്തശ്ശീമുത്തശ്ശന്മാരുമായി സംസാരിക്കുക, പ്രായം ചെന്നവരോടു സംസാരിക്കുക.

കർത്താവ് നിങ്ങൾക്ക് തുണയാകട്ടെ, തുടർന്ന് പാപ്പാ ത്രികാലജപം നയിക്കുകയും സമാപനാശീർവ്വാദം നല്കുകയും ചെയ്തു.

റോമിലേക്കുള്ള മടക്ക വിമാനത്തിനായി നേരിട്ട് വിമാനത്താവളത്തിലേക്ക് പോകാനുള്ള തീരുമാനം മാറ്റിയായിരുന്നു പാപ്പായുടെ 'പീസ് ലാബ്' സന്ദർശനം.സാമൂഹ്യനീതിയും മനുഷ്യാവകാശങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ഫാ. ഡയോനിഷ്യസ് മിന്റോഫ് എന്ന ഫ്രാൻസിസ്കൻ വൈദികൻ 1971–ൽ സ്ഥാപിച്ച ഈ കേന്ദ്രം, രണ്ടാം ലോകമഹായുദ്ധസമയത്ത് കനത്ത പോരാട്ടം കണ്ട മാൾട്ടയിലെ വ്യവസായ എസ്റ്റേറ്റുകളിലൊന്നായ ഇയാൽ ഫാറിലാണ്. കുടിയേറ്റക്കാരെ സഹായിക്കാൻ പ്രത്യേകം സമർപ്പിച്ചിരിക്കുന്നു 'പീസ് ലാബ്' .


**VATHIKAN THARANGAM**

**Statement about ownership other particulars about the magazine "VATHIKAN THARANGAM" (Malayalam) (FORM IV SEE RULE 8)**

**1. Place of publication : Palarivattom, Kochi- 682 025**
**2. Periodicity of its, publication : Monthly**
**3. Selling price : Rs.5/-**
**4. Printers Name : Fr. Jolly Vadakken**
**Nationality : Indian**
**Address : Director**
**Vathican Radio Office, P.O.C., Palarivattom,**
**Kochi- 682 025,**
**Ernakulam District , (Kerala)**
**5. Publisher's Name : As in 4**
**6. Editors's Name : As in 4**
**7. Name and address of the individuals who own the periodical and the partners or shareholders holding more than one percent of the total capital.**

**Director**

**Regional Office**

**Pastoral Orientation Centre**
**I, Fr. Jolly Vadakken, hereby declare that the particulars given above are true to the best of my knowledge and belief.**

**Sd/-**


www.malankaralibrary.com



# വൃദ്ധജനത്തിന്റെ വിജ്ഞാനം ഇന്നത്തെ ലോകത്തിനാവശ്യം

അവതരണം: **ഡോ. ലോറൻസ് തൈക്കാട്ടിൽ**



2022 മാർച്ച് 16ന് പരി. പിതാവ് ഇറ്റലിയിലെ മിലാൻ പട്ടണത്തിലെ ലസ്സോള വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് ദർശനം നൽകിയ സന്ദർഭത്തിൽ മുത്തശ്ശീ മുത്തച്ഛന്മാരുമായി സംസാരിക്കണമെന്നു പാപ്പാ ഉൽബോധിപ്പിച്ചു. കുട്ടികളുടെ സാംസ്കാരിക വളർച്ചയിൽ അദ്ധ്യാപകരോടൊപ്പം രക്ഷിതാക്കൾക്കും പ്രധാന കഥാപാത്രങ്ങളാകാൻ കഴിയുന്ന ഒരു വിദ്യാഭ്യാസദായകസമൂഹം കെട്ടിപ്പടുക്കേണ്ടത് സുപ്രധാനമാണെന്നു പരി.പിതാവ് ഫ്രാൻസീസ് പ്രബോധിപ്പിച്ചു. മാതാപിതാക്കളും അദ്ധ്യാപകരും തമ്മിലുള്ള സംഭാഷണമാണ് വിദ്യാഭ്യാസ ഉടമ്പടി എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. പങ്കിടൽ; സ്വാഗതം ചെയ്യൽ എന്നീ രണ്ടു പദങ്ങളെ അവലംബമാക്കി പാപ്പ തന്റെ വിദ്യാഭ്യാസ ചിന്തകൾ തുടർന്നു.

ചാരത്തുള്ളവരുമൊത്ത്, അതായത് സഹപാഠികൾ, മാതാപിതാക്കൾ, അദ്ധ്യാപകർ, മുതിർന്നവർ, സുഹൃത്തുക്കൾ, തുടങ്ങിയവരോടൊപ്പം അനുഭവം പങ്കുവച്ച് പക്വത പ്രാപിക്കുന്നതിൽ മടുക്കരുതെന്ന് പാപ്പ കുട്ടികളെ ഓർമ്മിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഐക്യദാർഢ്യവും സാഹോദര്യവുമുള്ള ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനും ബന്ധങ്ങൾ


www.malankaralibrary.com

നെയ്യെടുക്കുന്നതിനും പങ്കുവക്കൽ ഏറെ പ്രാധാന്യമുള്ളതാണെന്ന് പാപ്പാ പ്രബോധിപ്പിച്ചു.

സമാധാനോത്പാദന യന്ത്രം എന്നൊന്നില്ലെന്നും സമാധാനം എന്നും കരവേലയാണെന്നും സ്വന്തം പരിശ്രമവും പങ്കും വയ്ക്കലും കൊണ്ടാണ് അത് നിർമ്മിക്കുകയെന്നും പാപ്പാ ആവർത്തിച്ചു പഠിപ്പിച്ചു.

മാർച്ച് 27 – ലെ വിശുദ്ധ ഗ്രന്ഥവിചിന്തനത്തിലും പാപ്പാ സഹോദര സ്നേഹാധിഷ്ഠിതമായ സന്ദേശം നൽകി. സഹോദരനെ കുറിച്ച് സന്തോഷിക്കാനാണ് പാപ്പാ ലൂക്ക 15:11–32 ൽ പറയുന്ന ധൂർത്തപുത്രന്റെ ഉപമ വിശദീകരിച്ച് പഠിപ്പിച്ചത്.

അനുകമ്പയോടും ആർദ്രതയോടും കൂടി എപ്പോഴും ക്ഷമിക്കുന്ന ദൈവത്തിന്റെ ഹൃദയത്തിലേക്കാണ് ഈ ഉപമ നമ്മെ കൊണ്ടു പോകുന്നത്. ദൈവം നമ്മോട് എപ്പോഴും ക്ഷമിക്കും. നാമാണ് ദൈവത്തോട് ക്ഷമ ചോദിക്കാൻ മടിക്കുന്നവർ. സമ്പത്തെല്ലാം കളഞ്ഞു കുളിച്ച് വീട്ടിലേക്ക് മടങ്ങിയ മകനെ സ്വീകരിക്കുക മാത്രമല്ല സന്തോഷിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന പിതാവാണ് നമ്മുടെ ദൈവം. നാമാണ് ധൂർത്ത പുത്രൻ എന്ന് സ്വയം ഏറ്റുപറഞ്ഞാൽ എപ്പോഴും ആ പിതാവ് നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്നും നമ്മെ കാത്തിരിക്കുന്നു എന്നും ചിന്തിക്കുന്നത് നമ്മുടെ മനസ്സിൽ മാറ്റങ്ങളുണ്ടാകാൻ സഹായിക്കും. പിതാവിന്റെ മുന്നിൽ വിഷമസ്ഥിതിയിലാകുന്ന മൂത്ത മകൻ നമ്മെയും പ്രതിസന്ധിയിലാക്കിയേക്കാം. പാപ്പ പറയുന്നത് നമ്മുടെ ഉള്ളിലും ഈ മൂത്ത മകനുണ്ട്. ഭാഗികമായെങ്കിലും അവനോട് യോജിക്കാൻ നാം പലപ്പോഴും പ്രലോഭിപ്പിക്കപ്പെടുന്നു. അവൻ എപ്പോഴും തന്റെ കടമ ചെയ്തിരുന്നു. അവൻ വീടുപേക്ഷിച്ച് പോയിരുന്നില്ല. സമ്പത്ത് ദുരുപയോഗം ചെയ്തില്ല. എന്നാൽ സ്വന്തം സഹോദരന്റെ തിരിച്ചുവരവ് അംഗീകരിക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് താഴ്ന്ന സഹോദരബന്ധമാണ് അവന് ഉണ്ടായിരുന്നത്. പിതാവിനെ മനസിലാക്കാൻ പറ്റാത്ത പുത്രൻ. അവൻ എല്ലാത്തിനും ആധാരമാക്കിയിരിക്കുന്നത് കടമയെ കുറിച്ചുള്ള ചിന്തയിൽ നിന്നുള്ള നിയമത്തിന്റെ പൂർണമായ അനുസരണത്തിലാണ്. അല്ലാതെ പിതാവിനെ മനസ്സിലാക്കുകയോ സ്വന്തം സഹോദരനെ സഹോദരനായി കാണുകയോ അല്ല ചെയ്യുന്നത്. സഹോദരനുള്ളതുകൊണ്ട് വീട്ടിൽ കയറാൻ മനസ്സു കാണിക്കുന്നില്ല. അത് ഭീകരമായ സഹോദരബന്ധത്തിന്റെ തകർച്ചയാണ്. എന്നാൽ പിതാവ് ആ പുത്രനെ അനുരഞ്ജനത്തോടെ തനിക്ക് പ്രിയങ്കരനും സ്വന്തമായവനും ആണെന്ന് ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കുന്നു. ' മകനെ നീ എപ്പോഴും എന്നോടു കൂടെയുണ്ടല്ലോ എനിക്കുള്ളതെല്ലാം നിന്റേതാണ്.' (V. 31) എന്ന് അപേക്ഷിക്കുന്ന പിതാവ് തന്റെ ഓരോ മക്കളും തന്റെ ജീവിതം തന്നെയാണെന്ന് അവന് മനസ്സിലാക്കിക്കൊടുക്കാൻ പരിശ്രമിക്കുന്നു.

ഉപമയിലെ പിതാവ് മകന്റെ തിരിച്ചു വരവിൽ ആനന്ദിക്കാനും ആഘോഷിക്കാനും തുടങ്ങി. മറ്റുള്ളവർ ദൈവത്തിലേക്ക് തിരിയുമ്പോൾ ആഘോഷിക്കുക, ആനന്ദിക്കുക.

പാപ്പാ പ്രബോധിപ്പിക്കുന്നു: മറ്റുള്ളവരെ ഓർത്ത് നാം സന്തോഷിക്കണം. അവനെ സ്വീകരിക്കണം. അതാണ് ദൈവിക കരുണ. ഈ കരുണ സ്വീകരിച്ച പരി. മറിയം നമ്മെ അപ്രകാരം കരുണയുള്ളവരാകാൻ പഠിപ്പിക്കട്ടെ. ആ കാരുണ്യം നമ്മുടെ അയൽക്കാരനെ നോക്കിക്കാണാനുള്ള വെളിച്ചമായി മാറും. തീർച്ച. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.


www.malankaralibrary.com




പാലക്കാട് രൂപതയുടെ
നിയുക്ത ബിഷപ്പ്
## മാർ പീറ്റർ കൊച്ചുപുരക്കലിന്
പ്രാർത്ഥനാശംസകൾ

**Rt. Rev. Dr. ANTONY SAMY PETER ABIR**

BISHOP OF SULTANPET

BISHOPS HOUSE
ST. SEBASTIANS CATHEDRAL
PALAKKAD

www.malankaralibrary.com




# കാപട്യത്തിന്റെ ചമയങ്ങൾ ക്രൈസ്തവർക്ക് വേണ്ട : പാപ്പ



***പൗലോസ് അപ്പസ്തോലന്റെ ഗലാത്യക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര*** ഭാഗം - 6

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

ഗലാത്യർക്കുള്ള കത്ത് വളരെ വിസ്മയജനകമായ ഒരു വസ്തുത അവതരിപ്പിക്കുന്നു. നാം വായിക്കുന്നതുപോലെ, താൻ കേപ്പായെ, അതായത്, പത്രോസിനെ അന്ത്യോക്യയിലെ സമൂഹത്തിന് മുന്നിൽവച്ച് ശാസിച്ചു എന്ന് പൗലോസ് പറയുന്നു, കാരണം അദ്ദേഹത്തിന്റെ പെരുമാറ്റം നല്ലതായിരുന്നില്ല. പത്രോസിനോട് ഇത്ര പരുഷമായി സംസാരിക്കാൻ പൗലോസിനെ നിർബന്ധിതനാക്കത്തക്ക ഗൗരവമുള്ള എന്താണ് സംഭവിച്ചത്? ഒരുപക്ഷേ, സ്വന്തം സ്വഭാവത്തെ നിയന്ത്രിക്കാതെ പൗലോസ് അതിരുകടന്നിട്ടുണ്ടാകുമോ? അത് അങ്ങനെയല്ലെന്നും നിയമവും സ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധം വീണ്ടും അപകടത്തിലാണെന്നും നമുക്കു മനസ്സിലാകും.

ഗലാത്യർക്ക് എഴുതിയപ്പോൾ, പൗലോസ്, വർഷങ്ങൾക്ക് മുമ്പ് അന്ത്യോക്യയിൽ നടന്ന ഈ സംഭവം മനഃപൂർവ്വം പരാമർശിക്കുന്നു. പരിച്ഛേദനം ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച്, അതായത്, എല്ലാ നിബന്ധനകളോടും കൂടെ 'നിയമത്തിന് അധീനർ' ആകണം എന്ന് പറയുന്നവരെ ഒട്ടും ശ്രവിക്കേണ്ടതില്ലെന്നും, ആ ക്രൈസ്തവസമൂഹത്തെ ഓർമ്മിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഈ മൗലികവാദ പ്രസംഗകർ അവിടെ പോയി ആശയക്കുഴപ്പം സൃഷ്ടിക്കുകയും ആ സമൂഹത്തിന്റെ


www.malankaralibrary.com

സമാധാനം പോലും കവർന്നെടുക്കുകയും ചെയ്തതായി ഞങ്ങൾ ഓർക്കുന്നു. വിരുന്നിൽ പങ്കെടുത്ത പത്രോസിന്റെ പെരുമാറ്റമായിരുന്നു അദ്ദേഹത്തിനെതിരായ വിമർശനത്തിന് കാരണം. ഒരു യഹൂദൻ യഹൂദരല്ലാത്തവർക്കൊപ്പം ഭക്ഷണം കഴിക്കുന്നത് നിയമം വിലക്കിയിരുന്നു. എന്നാൽ പത്രോസ്തന്നെ, മറ്റൊരു സന്ദർഭത്തിൽ, നിയമം ലംഘിക്കുകയാണെന്ന അവബോധത്തോടു കൂടിത്തന്നെ കേസറിയായിൽ, ശതാധിപൻ കൊർണേലിയൂസിന്റെ വീട്ടിൽ പോയി. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'ഒരു മനുഷ്യനെയും ഹീനജാതിക്കാരനെന്നോ അശുദ്ധൻ എന്നോ വിളിക്കരുതെന്ന് ദൈവം എനിക്ക് കാണിച്ചുതന്നിരിക്കുന്നു' (അപ്പസ്തോലപ്രവർത്തനം 10:28). പത്രോസ് ജറുസലേമിൽ തിരിച്ചെത്തിയപ്പോൾ, മോശയുടെ നിയമം അനുസരിക്കുന്ന പരിച്ഛേദന വിധേയരായ ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ ഈ പ്രവർത്തിയ്ക്ക് അദ്ദേഹത്തെ കുറ്റപ്പെടുത്തി, എന്നാൽ പത്രോസ് ഇങ്ങനെ പറഞ്ഞുകൊണ്ട് സ്വയം ന്യായീകരിച്ചു: 'അപ്പോൾ ഞാൻ കർത്താവിന്റെ വാക്കുകൾ ഓർത്തു: 'യോഹന്നാൻ ജലംകൊണ്ട് സ്നാനം നല്കി, നിങ്ങളാകട്ടെ പരിശുദ്ധാത്മാവിനാൽ സ്നാനമേൽക്കും. നാം യേശുക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ ദൈവം നമുക്കു നൽകിയ അതേ ദാനം അവർക്കും നൽകിയെങ്കിൽ, ദൈവത്തെ തടസ്സപ്പെടുത്താൻ ഞാൻ ആരാണ്? '(അപ്പസ്തോലപ്രവർത്തനം 11,16–17).പത്രോസ് കൊർണേലിയസിന്റെ വീട്ടിൽ പോയപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നതായി നമ്മൾ ഓർക്കുന്നു.

സമാനമായ ഒരു സംഭവം, പൗലോസിന്റെ സാന്നിദ്ധ്യത്തിൽ, അന്ത്യോക്യയിലും സംഭവിച്ചു. മുമ്പ്, പുറജാതിയിൽ നിന്ന് വന്ന ക്രിസ്ത്യാനികളോടൊപ്പം യാതൊരു ബുദ്ധിമുട്ടും കൂടാതെ പത്രോസ് ഭക്ഷിച്ചിരുന്നു; എന്നാൽ, ജറുസലേമിൽ നിന്ന് പരിച്ഛേദിതരായ ചില ക്രിസ്ത്യാനികൾ നഗരത്തിൽ എത്തിയപ്പോൾ, യഹൂദമതത്തിൽ നിന്ന് വന്നവർ –അവരുടെ വിമർശനം ഉണ്ടാകാതിരിക്കാൻ അദ്ദേഹം പിന്നീട് അങ്ങനെ ചെയ്തില്ല. ഇതാണ് തെറ്റ്: ഒരു നല്ല മതിപ്പുണ്ടാക്കാൻ അദ്ദേഹം വിമർശനങ്ങളിൽ കൂടുതൽ ശ്രദ്ധാലുവായിരുന്നു. പൗലോസിന്റെ ദൃഷ്ടിയിൽ ഇത് ഗൗരവമുള്ള കാര്യമാണ്, മറ്റ് ശിഷ്യന്മാർ പത്രോസിനെ അനുകരിച്ചിരുന്നു, അവരിൽ പ്രഥമൻ, പൗലോസിനൊപ്പം ഗലാത്യരെ സുവിശേഷവൽക്കരിച്ച (ഗലാത്യർ 2:13). ബർണബാസ് ആയിരുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ, മനഃപൂർവ്വമല്ലെങ്കിലും, കുറച്ച് ഇവിടെ, കുറച്ച് അവിടെ, , വ്യക്തമോ സുതാര്യമോ ഇല്ലാതെ , പത്രോസ്,വാസ്തവത്തിൽ സമൂഹത്തിൽ നീതിയുക്തമല്ലാത്ത ഒരു പിളർപ്പ് സൃഷ്ടിച്ചു.'ഞാൻ ശുദ്ധനാണ്.... ഞാൻ ഈ രീതി പിന്തുടരുന്നു,.... ഞാൻ ഇങ്ങനെ ചെയ്യേണ്ടതുണ്ട് .... ഇങ്ങനെ ചെയ്യാൻ എനിക്ക് കഴിയില്ല ...'

പൗലോസ് തന്റെ ശകാരത്തിൽ, അദ്ദേഹത്തിന്റെ പ്രതികരണത്തിന്റെ യുക്തിയിലേക്ക് നമ്മെ ആനയിക്കുന്ന ഒരു പദം ഉപയോഗിക്കുന്നു: കാപട്യം (ഗലാത്യർ 2:13). പലതവണ ആവർത്തിക്കുന്ന ഒരു വാക്കാണ്: കാപട്യം. അതിന്റെ അർത്ഥം നാമെല്ലാവരും മനസ്സിലാക്കുന്നുവെന്ന് ഞാൻ കരുതുന്നു.....ക്രിസ്ത്യാനികളുടെ നിയമപാലനം ഈ കപട പെരുമാറ്റത്തിലേക്ക് നയിച്ചു, ഈ കപടതയ്ക്കെതിരെ ശക്തിയുക്തം പോരാടാൻ അപ്പോസ്തലൻ ഉദ്ദേശിക്കുന്നു. പൗലോസ് സത്യസന്ധനായിരുന്നു. അവനു കുറവുകളുണ്ടായിരുന്നു – പലതും ..അവന്റെ സ്വഭാവം കാർക്കശ്യമായിരുന്നു– പക്ഷേ അവൻ സത്യസന്ധനായിരുന്നു.

എന്താണ് കാപട്യം? 'സൂക്ഷിക്കുക, കാരണം അത് കപടമാണ്:' എന്ന് നമ്മൾ പറയുമ്പോൾ, നമ്മൾ എന്താണ് പറയാൻ ശ്രമിക്കുന്നത്? എന്താണ് കാപട്യം? അത് സത്യത്തോടുള്ള ഭയമാണെന്ന് പറയാം. കാപട്യക്കാരൻ സത്യത്തെ ഭയപ്പെടുന്നു. സ്വയം ആയിരിക്കുന്നതിനേക്കാൾ അങ്ങനെയാണെന്ന് ഭാവിക്കാൻ ഒരാൾ ഇഷ്ടപ്പെടുന്നു.


www.malankaralibrary.com

# ഈശോസഭ

## THE SOCIETY OF JESUS

# The Jesuits

Towards a Culture of VOCATION PROMOTION
KERALA JESUITS



16-ാം നൂറ്റാണ്ടിൽ വി ഇഗ്നേഷ്യസ് ലൊയോളയും ഒൻപതു സുഹൃത്തുക്കളും തിരുസഭയിൽ സേവനസന്യാസത്തിന്റെ നവചൈതന്യം തേടി ഈശോസഭയ്ക്കു ആരംഭമിട്ടു. 1540-ൽ പോൾ മൂന്നാമൻ പാപ്പാ അംഗീകരിച്ച ഈശോസഭ കഴിഞ്ഞ അഞ്ചു നൂറ്റാണ്ടുകളായി ലോകത്തിന്റെ പല ഭാഗങ്ങളിലായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വി ഇഗ്നേഷ്യസിന്റെ ആദ്ധ്യാത്മിക സാധനയിൽ അധിഷ്ഠിതമായ ഈശോസഭ എന്നും ഏവർക്കും സുവിശേഷചൈതന്യത്തിന്റെ ഉറവിടവും നിരന്തര പ്രചോദനവുമാകുന്നു. ഭാരതത്തിന്റെ ദ്വിതീയ അപ്പസ്തോലനായ വി ഫ്രാൻസിസ് സേവ്യറും മലയാളഭാഷാ സാഹിത്യത്തിനും കേരള ക്രൈസ്തവ സമൂഹത്തിനും മുതൽക്കൂട്ടായ പുത്തൻപാന രചിച്ച അർണോസ് പാതിരിയും ഇന്ന് ലോകത്തിൽ ക്രിസ്തുസ്നേഹത്തിന്റെയും കരുണയുടെയും സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്ന ഫ്രാൻസിസ് പാപ്പയും ഈശോസഭയുടെ ആദ്ധ്യാത്മികതയിലൂടെ രൂപപ്പെട്ട ദൈവാനുഭവത്തിന്റെ സവിശേഷ മാതൃകകളാണ്.



വിദ്യാഭ്യാസ യോഗ്യത:
SSLC /+2/
അതിലുപരിയോ

Kerala Jesuits/
Kerala Jesuit Vocations
www.keralajesuits.org

IgnatiUS 500
ANNIVERSARY OF THE CONVERSION OF ST IGNATIUS LOYOLA

വില നോക്കാതെ കൊടുക്കുവാൻ, മുറിവ് മറന്നു പോരാടാൻ, വിശ്രമം തേടാതെ പ്രയത്നിക്കാൻ, പ്രതിഫലം നോക്കാതെ അധ്വാനിക്കാൻ നിങ്ങൾ തയാറാണോ...? എങ്കിൽ...

## ഈശോസഭയിലേക്ക് സ്വാഗതം

കൂടുതൽ അറിയാൻ ബന്ധപ്പെടുക...

Fr Xavier Tharamel, SJ
(Vocation Director)
Loyola Jesuit Training Centre
Thaikkattukara P.O. Aluva-6
860 65 28394
xaviertsj@gmail.com

www.malankaralibrary.com

അതായത് ഒരാൾ തന്റെ ആത്മാവിലും, പെരുമാറ്റത്തിലും, പ്രവർത്തിക്കുന്ന രീതിയിലും മേക്കപ്പ് ചെയ്തത് മുന്നോട്ട് പോകുന്നത് പോലെയാണ്: ഇത് സത്യമല്ല. 'ഇല്ല, ഞാൻ ആയിരിക്കുന്നതു പോലെ തുടരാൻ എനിക്ക് ഭയമാണ് ...', സത്യം തുറന്നുപറയാനുള്ള ധൈര്യത്തിന് ഈ അഭിനയം വിഘാതമാകുന്നു, അതിനാൽ, എല്ലാം അവഗണിച്ച് എല്ലായ്പ്പോഴും, എല്ലായിടത്തും സത്യം പറയാനുള്ള കടമയിൽ നിന്ന് ഒരാൾ എളുപ്പത്തിൽ ഒളിച്ചോടുന്നു.
നടിക്കുന്നത് എന്തിലേക്ക് നയിക്കുന്നു? അർദ്ധസത്യങ്ങളിലേക്ക്. അർദ്ധസത്യങ്ങൾ ഒരു വഞ്ചനയാണ്, കാരണം സത്യം സത്യമാണ് അല്ലെങ്കിൽ അത് സത്യമല്ല. അർദ്ധസത്യങ്ങൾ സത്യമല്ലാത്ത ഒരു അഭിനയ രീതിയാണ്. ഞാൻ പറഞ്ഞതുപോലെ, നമ്മളായിരിക്കുന്നതിനേക്കാൾ ഭാവിക്കാൻ നമ്മൾ ഇഷ്ടപ്പെടുന്നു, ഈ ഭാവം സത്യം തുറന്നു പറയാനുള്ള ധൈര്യത്തെ ശ്വാസം മുട്ടിക്കുന്നു. അങ്ങനെ, നമ്മൾ കടമയിൽ നിന്ന് രക്ഷപ്പെടുന്നു. ഇത് ഒരു കൽപ്പനയാണ്: എല്ലായ്പ്പോഴും സത്യം സംസാരിക്കുക; സത്യസന്ധനായിരിക്കുക: എല്ലായിടത്തും എന്തും ഉണ്ടെങ്കിലും സത്യം സംസാരിക്കുക. ഔപചാരികതയുടെ ചിഹ്നത്തിൽ വ്യക്തിബന്ധങ്ങൾ ജീവിക്കുന്ന ഒരു അന്തരീക്ഷത്തിൽ, കാപട്യത്തിന്റെ വൈറസ് എളുപ്പത്തിൽ പടരുന്നു. ഹൃദയത്തിൽ നിന്ന് വരാത്ത ആ പുഞ്ചിരി കണ്ടാൽ , എല്ലാവരുമായും നല്ല ബന്ധത്തിലാണെന്നപോലെ തോന്നുന്നു, പക്ഷേ ആരുമായും ഇല്ല.

ബൈബിളിൽ കപടതയ്ക്കെതിരെ പോരാടുന്ന നിരവധി ഉദാഹരണങ്ങളുണ്ട്. വിജാതീയ ദൈവങ്ങൾക്ക് ബലിയർപ്പിച്ച മാംസം സ്വജീവൻ രക്ഷിക്കുന്നതിന് ഭക്ഷിക്കുന്നതായി നടിക്കാൻ വൃദ്ധനായ ഏലിയാസറിനോട് ആവശ്യപ്പെടുമ്പോൾ, അദ്ദേഹം നല്കുന്ന സാക്ഷ്യം മനോഹരമാണ്. ദൈവഭയമുള്ള ആ മനുഷ്യൻ പറഞ്ഞു: "നമ്മുടെ ഈ പ്രായത്തിന് ഈ അഭിനയം ചേർന്നതല്ല. ഏലിയാസർ തൊണ്ണൂറാം വയസ്സിൽ മതം മാറിയെന്ന് ചെറുപ്പക്കാർ വിചാരിക്കും. കുറച്ചു സമയംകൂടി ജീവിക്കാൻവേണ്ടി എന്റെ ഈ അഭിനയം മൂലം ഞാൻ അവരെ വഴിതെറ്റിക്കുകയും എന്റെ വാർദ്ധക്യത്തെ പങ്കിലവും അപമാനിതവും ആക്കുകയും ചെയ്യും'. (2 മക്കബായർ 6,24–25). സത്യസന്ധനായ ഒരു മനുഷ്യൻ. കാപട്യത്തിന്റെ പാത അദ്ദേഹം തിരഞ്ഞെടുത്തില്ല. കാപട്യത്തിൽ നിന്ന് അകന്നു നില്ക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതിനുതകുന്ന എത്ര മനോഹരമായ ഒരു താളാണിത്! ഉള്ളം നിറയെ കാപട്യവും അനീതിയും വച്ചുകൊണ്ട് പുറമെ നീതിമാന്മാരായി പ്രത്യക്ഷപ്പെടുന്നവരെ യേശു ശക്തമായി ശാസിക്കുന്ന വിവിധ സന്ദർഭങ്ങൾ സുവിശേഷങ്ങളും അവതരിപ്പിക്കുന്നുണ്ട് (മത്തായി 23:13–29). നിങ്ങൾക്ക് ഇന്ന് കുറച്ച് സമയമുണ്ടെങ്കിൽ, വിശുദ്ധ മത്തായിയുടെ സുവിശേഷത്തിന്റെ ഇരുപത്തിമൂന്നാം അധ്യായം എടുത്ത് നോക്കൂ: 'കപടനാട്യക്കാർ, കപടനാട്യക്കാർ, കപടനാട്യക്കാർ' എന്ന് യേശു എത്ര പ്രാവശ്യം പറയുന്നു, അങ്ങനെ കാപട്യം എന്താണെന്ന് വെളിപ്പെടുത്തുന്നു.
മുഖംമൂടിയണിഞ്ഞ് ജീവിക്കുകയും സത്യത്തെ അഭിമുഖീകരിക്കാൻ ഭയപ്പെടുകയും അഭിനയിക്കുകയും മുഖസ്തുതി പറയുകയും വഞ്ചിക്കുകയും ചെയ്യുന്ന വ്യക്തിയാണ് കപടനാട്യക്കാരൻ. ഇക്കാരണത്താൽ, അവന് യഥാർത്ഥത്തിൽ സ്നേഹിക്കാൻ കഴിയില്ല: ഒരു കപടനാട്യക്കാരന് എങ്ങനെ സ്നേഹിക്കണമെന്ന് അറിയില്ല. അവൻ സ്വാർത്ഥതയിൽ ജീവിക്കുന്നതിൽ സ്വയം ഒതുങ്ങുന്നു, സ്വന്തം ഹൃദയം സുതാര്യമായി കാണിക്കാനുള്ള ശക്തി അവനില്ല. കാപട്യം പ്രകടമാകുന്ന നിരവധി സാഹചര്യങ്ങളുണ്ട്. അത് പലപ്പോഴും ജോലിസ്ഥലത്ത് മറഞ്ഞിരിക്കുന്നു, അവിടെ ഒരുവൻ സഹപ്രവർത്തകരുമായി ചങ്ങാത്തത്തിലാണെന്ന് പുറമെ കാണിക്കുകയും അതേസമയം മത്സരം അവരെ പിന്നിൽ നിന്ന് കുത്താൻ അവനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. രാഷ്ട്രീയത്തിൽ പൊതു


www.malankaralibrary.com




ജീവിതത്തിനും സ്വകാര്യ ജീവിതത്തിനുമിടയിൽ രണ്ടുമുഖമുള്ള കപടനാട്യക്കാരെ കണ്ടുമുട്ടുക അസാധാരണമല്ല. സഭയിൽ, പ്രത്യേകിച്ച്, കാപട്യം അതിനിന്ദ്യമാണ്. ദൗർഭാഗ്യവശാൽ സഭയിൽ കാപട്യം ഉണ്ട്. കപടനാട്യക്കാരായ ക്രൈസ്തവരും ശുശ്രൂഷകരും നിരവധിയുണ്ട്. കർത്താവിന്റെ വാക്കുകൾ നാം ഒരിക്കലും മറക്കരുത്: 'നിങ്ങളുടെ വാക്ക് അതെ, അതെ, എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളത് ദുഷ്ടനിൽനിന്നു വരുന്നു' (മത്തായി 5:37)

സഹോദരീസഹോദരന്മാരേ, പൗലോസും യേശുവും അപലപിക്കുന്നതെന്താണോ അതിനെക്കുറിച്ച്, ഇന്ന് നമുക്കു ചിന്തിക്കാം: അത് കാപട്യമാണ്. സത്യസന്ധരായിരിക്കുന്നതിന്, സത്യം പറയുന്നതിന്, സത്യം കേൾക്കുന്നതിന്, സത്യത്തിന് അനുരൂപരാകുന്നതിന് നാം ഭയപ്പെടേണ്ടതില്ല. അപ്രകാരം നമുക്കു സ്നേഹിക്കാൻ സാധിക്കും. കപടനാട്യക്കാരന് സ്നേഹിക്കാൻ സാധിക്കില്ല. മറിച്ച് സത്യത്താലല്ലാതെ വർത്തിക്കുക എന്നാൽ, കർത്താവ് തന്നെ പ്രാർത്ഥിച്ച സഭൈക്യത്തെ അപകടത്തിലാക്കുക എന്നാണ്. നന്ദി.


www.malankaralibrary.com




# മറ്റുള്ളവരുടെ ജീവിതത്തിനും സഹനത്തിനും വിലകല്പിക്കുന്നവരാണ് ആരോഗ്യ പ്രവർത്തകർ : പാപ്പ

**ജോബി ബേബി,നഴ്സ്,കുവൈറ്റ്**



'നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'–(ലൂക്കാ 6,36)

ആരോഗ്യപ്രവർത്തകർക്ക് അധികാരികളുടെയും ജനങ്ങളുടെയും സഹായമുണ്ടാകട്ടെയെന്ന് ഫ്രാൻസിസ് പാപ്പായുടെ ട്വിറ്റർ സന്ദേശം. ഒരുമിച്ച് പ്രാർത്ഥിക്കാം (#Pray Together), പ്രാർത്ഥനാനിയോഗം (#Prayer Intention) എന്നീ ഹാഷ്ടാഗുകളോടുകൂടിയായിരുന്നു പാപ്പായുടെ സന്ദേശം.'രോഗികളും പ്രായമായവരും ആയ, പ്രത്യേകിച്ച് ദരിദ്ര രാജ്യങ്ങളിലെ, ആളുകൾക്ക് വേണ്ടിയുള്ള ആരോഗ്യപ്രവർത്തകരുടെ പ്രതിബദ്ധത, ഗവണ്മെന്റുകളുടെയും പ്രാദേശികസമൂഹത്തിന്റെയും പിന്തുണയോടുകൂടിയതാകാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം' എന്നായിരുന്നു പാപ്പായുടെ സന്ദേശം.ആരോഗ്യപ്രവർത്തകർക്കായി പ്രാർത്ഥിക്കുവാൻ ആഹ്വനം ചെയ്തുകൊണ്ട് ഏപ്രിൽമാസത്തെ പ്രാർത്ഥനാനിയോഗം നല്കിയതിൽനിന്ന് എടുത്ത ഒരു സന്ദേശമാണ് പാപ്പാ ട്വിറ്ററിൽ കുറിച്ചത്.


www.malankaralibrary.com


ലോകമെമ്പാടും പടർന്ന് പിടിച്ച കോവിഡ്–19മഹാമാരിയെ തുടർന്ന് ആരോഗ്യഅടിയന്തരാവസ്ഥയിലൂടെ കടന്ന് പോകുന്ന ഈ സാഹചര്യത്തിൽ നഴ്സിങ് മേഖലയ്ക്ക് അടിസ്ഥാന ജീവിതത്തിലുള്ള പ്രാധാന്യം നാം വീണ്ടും തിരിച്ചറിഞ്ഞിരിക്കുകയാണ്.അത്യന്തം അപകടകരമായ സാഹചര്യത്തിൽ വൈറസ് ബാധിച്ചവരെ പരിചരിക്കാനും സഹായിക്കാനും ആരോഗ്യപ്രവർത്തകരും നഴ്സുമാരും കാണിക്കുന്ന അസാമാന്യമായ ധൈര്യത്തിന് ദൈനം ദിനം നാം സാക്ഷികളാകുന്നുണ്ട്.സ്വന്തം ജീവനും ആരോഗ്യത്തിനും വെല്ലുവിളിയാകുന്ന സാഹചര്യത്തിൽ പോലും ജോലി ചെയ്യാൻ അവരെ പ്രേരിപ്പിക്കുന്നത് ആത്മസമർപ്പണവും മനുഷ്യസ്നേഹവും സമൂഹത്തോടും ലോകത്തോടുമുള്ള ഉത്തരവാദിത്തബോധവുമാണ്.ആത്മാർത്ഥമായ സേവനത്തിനിടയിൽ ജീവൻ നഷ്ടപ്പെടുത്തേണ്ടി വന്ന ആരോഗ്യ പ്രവർത്തകരുടെ കാര്യം നാം ഏവരെയും ദുഃഖിപ്പിക്കുന്ന കാര്യമാണ്.അവർക്ക് വേണ്ടി നാം പ്രാർത്ഥിക്കാൻ തയ്യാറാകണം.അവർ ഓരോരുത്തരുടെയും പേരുകൾ ദൈവസന്നിധിയിൽ എഴുതിയിട്ടുണ്ട്.ഈ മഹാമാരിയുടെ ഇരയായി മരണപ്പെട്ട എല്ലാവരെയും ഈ അവസരത്തിൽ പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു.അവർക്ക് എല്ലാവർക്കും ഉത്ഥിതനായ ക്രിസ്തു സ്വർഗനിധിയിലേക്കുള്ള മാർഗദീപം വെളിപ്പെടുത്തട്ടെ.അവരുടെ കുടുംബംങ്ങളുടെമേൽ വിശ്വാസത്തിന്റെ സ്വാന്തനം ചൊരിയട്ടെ.

ആരോഗ്യരംഗത്തിന്റെ ചരിത്രത്തിൽ മർമപ്രധാനമായ ദൗത്യമാണ് നഴ്സുമാർ നിർവഹിച്ചിട്ടുള്ളത്.രോഗിയായി തന്റെ മുന്നിൽ എത്തുന്ന ഓരോ മനുഷ്യനിൽ നിന്നും ജീവിതത്തിന്റെ സഹനം അവർ അറിയുന്നു.അതിനിർണായകമായ സാഹചര്യങ്ങളിൽ കാരുണ്യത്തിന്റെ കരങ്ങൾ നീട്ടാൻ തെരഞ്ഞെടുക്കപെട്ട സ്ത്രീ പുരുഷന്മാരാണ് അവർ. മറ്റുള്ളവരുടെ ജീവിതത്തിനും സഹനത്തിനും വിലകല്പിക്കുന്ന നല്ല സമരിയക്കാർ.അവർ ജീവന്റെ സംരക്ഷകരും ജീവിതത്തിന്റെ പരിപാലകരുമാണ്.ധർമ്മ നിഷ്ഠയാണ് നഴ്സുമാരുടെ സേവനത്തിന്റെ മുഖമുദ്ര.ശാസ്ത്രീയമായ അറിവുകൾ കൊണ്ട് മാത്രമല്ല,രോഗികളോടുള്ള മനുഷ്യത്വ പരമായ ഇടപെടൽ കൊണ്ട് കൂടിയാണ് നേഴ്സിങ്ങിന് പൂർണ്ണത കൈവരുന്നത്."നവജാത ശിശുവിനെ മുതൽ വൃദ്ധരെവരെ,സ്ത്രീ പുരുഷ ഭേദമെന്യേ ശുശ്രൂഷിക്കുന്നവരാണ് നഴ്സുമാർ.ജനനം മുതൽ മരണം വരെ ഓരോഘട്ടത്തിലും വേണ്ടതെന്താണെന്ന് അറിയാനും മനസിലാക്കാനും നിയോഗിക്കപ്പെട്ടവരാണ്.ഓരോ വ്യക്തിക്കും ആവശ്യപ്പെടുന്ന ശ്രദ്ധ നൽകി,ഓരോ സാഹചര്യത്തിനും അനുയോജ്യമായ വിവേചന ബുദ്ധിയോട് പെരുമാറുന്നവരാണ് നഴ്സുമാർ".

മഹാമാരിയുടെ ദിവസങ്ങളിൽ ആരോഗ്യരംഗത്ത് നിലനിൽക്കുന്ന ചില അപര്യാപ്തതകൾ വെളിപ്പെടുന്നുമുണ്ട്.അതുകൊണ്ട്,ആരോഗ്യ രംഗത്തിനു പ്രഥമ സ്ഥാനം നൽകി കൂടുതൽ നിക്ഷേപങ്ങൾ അനുവദിക്കണമെന്ന് ലോകമെമ്പാടുമുള്ള രാഷ്ട്ര തലവന്മാരോട് അഭ്യർത്ഥിക്കുകയാണ്.എല്ലാമനുഷ്യർക്കും തുല്യവും മാന്യവുമായ പരിഗണന കിട്ടത്തക്കവിധം കൂടുതൽ നഴ്സുമാരെ നിയോഗിക്കുവാനും തയ്യാറാകണം.രോഗീപരിചരണം ,പ്രാദേശിക തലത്തിലുള്ള അടിയന്തര സാഹചര്യങ്ങൾ,രോഗപ്രതിരോധം,ആരോഗ്യ പരിപാലനം,കുടുംബത്തിലും,സമൂഹത്തിലും,സ്കൂളുകളിലുമുള്ള സഹായം എന്നിവയിൽ വലിയ ദൗത്യങ്ങൾ നഴ്സുമാർ നിറവേറ്റുന്നുണ്ട്.വ്യക്തികളുടെയും സമൂഹത്തിന്റെയും ആരോഗ്യാവസ്ഥ സംരക്ഷിക്കുന്നതിൽ നഴ്സുമാർക്കും നിർണ്ണായകമായ ഉത്തരവാദിത്തമുണ്ട്.ആരോഗ്യ മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ വരുന്നത്,പൊതുജനത്തിന് ഗുണമാകും,എന്നതിൽ തർക്കമില്ല.കാരണം,കൂടുതൽ ശാസ്ത്രീയവും,മാനുഷികവും,മനഃശാത്രപരവും,ആത്മീകപരവുമായ വൈദഗ്ദ്ധ്യം നേടാനും സ്വന്തം ജോലി സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും അവകാശങ്ങൾ ഉറപ്പുവരുത്താനും നഴ്സുമാർക്കും സാധിക്കും.


www.malankaralibrary.com

# സി. ബീന എം. എസ്. എസ്. ടി. ക്ക്. റോട്ടറി അവാർഡ്




**റോട്ടറി ക്ലബ് ഓഫ് തിരുവനന്തപുരം റോയലിന്റെ മികച്ച സാമൂഹിക പ്രവർത്തകയ്ക്കുള്ള അവാർഡ് സി. ബീന എം. എസ്. എസ്. ടി. ക്ക്. ലഭിച്ചു**

**കൊച്ചി പാലാരിവട്ടം പി. ഒ. സി. ഹൗസ് മാനേജരാണ് സി. ബീന എം. എസ്. എസ്. ടി.**

അതിലൂടെ സമൂഹത്തിനു കൂടുതൽ മെച്ചപ്പെട്ട സേവനവും ഉറപ്പുവരുത്താനാകും.സമകാലീക സാഹചര്യത്തിൽ ആരോഗ്യസംഘടനകൾക്കും നിർണ്ണായകമായ ദൗത്യങ്ങൾ നിറവേറ്റാനുണ്ട്.നഴ്സുമാർക്കും ആരോഗ്യപ്രവർത്തകർക്കും പരിശീലനം നല്കുന്നതിനപ്പുറം വലിയൊരു സംഘം ഒപ്പമുണ്ടെന്നവർക്ക് ബോധ്യപ്പെടുത്തികൊടുക്കണം.ഒറ്റയ്ക്കാണെന്ന തോന്നൽ സൃഷ്ടിക്കാതെ ധാർമികവും,സാമ്പത്തികവും,മാനുഷികവുമായ പ്രതിസന്ധികളിൽ കൂടെ നിൽക്കണം.സമൂഹത്തിന്റെ നന്മയ്ക്കായി നിങ്ങൾ ചെയ്യുന്ന കർമ്മത്തിന്റെ മഹത്വം കൂടുതൽ ശ്രദ്ധിക്കപെടുവാൻ ദൈവം സഹായിക്കട്ടെ.

പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കാനുള്ള ഈശോയുടെ ക്ഷണം ആരോഗ്യപ്രവർത്തകരെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണെന്നും പാപ്പ വ്യക്തമാക്കി: 'പ്രിയപ്പെട്ട ആരോഗ്യ പ്രവർത്തകരേ, സ്നേഹത്തോടെയും വൈദഗ്ദ്ധ്യത്തോടെയും നിങ്ങൾ ചെയ്യുന്ന രോഗീശുശ്രൂഷ തൊഴിലിന്റെ അതിരുകൾ ഭേദിച്ച് ഒരു ദൗത്യമായി മാറുന്നു. ക്രിസ്തുവിന്റെ മുറിവേറ്റ ശരീരത്തെ സ്പർശിക്കുന്ന നിങ്ങളുടെ കരങ്ങൾ ദൈവ പിതാവിന്റെ കരുണയുള്ള കരങ്ങളുടെ അടയാളമായിരിക്കാം.നിങ്ങളുടെ തൊഴിലിന്റെ മഹത്തായ അന്തസിനെക്കുറിച്ചും അത് ഉൾക്കൊള്ളുന്ന ഉത്തരവാദിത്തത്തെക്കുറിച്ചും അനുദിനം ഓർമയുള്ളവരാകുക.'

ഡോക്ടർമാർ, നഴ്സുമാർ, ലബോറട്ടറി ടെക്നീഷ്യന്മാർ, സപ്പോർട്ട് സ്റ്റാഫ്, രോഗീ പരിചാരകർ, ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ വിലയേറിയ സമയം വിനിയോഗിക്കുന്ന സന്നദ്ധപ്രവർത്തകർ എന്നിവരെ പ്രത്യേകം അനുസ്മരിച്ചുകൊണ്ടാണ് പാപ്പ ഇപ്രകാരം പറഞ്ഞത്. സാധാരണ ഔഷധങ്ങൾ പോലും ലഭ്യമല്ലാത്ത സ്ഥലങ്ങളെ കുറിച്ച് പരാമർശിച്ച പാപ്പ, ഈ പശ്ചാത്തലത്തിൽ കത്തോലിക്കാ ആരോഗ്യകേന്ദ്രങ്ങളുടെ പ്രാധാന്യം നിർണായകമാണെന്നും വ്യക്തമാക്കി. എല്ലാ രോഗികൾക്കും ചികിത്സ ലഭിക്കാനുള്ള അവകാശത്തെക്കുറിച്ചും പാപ്പ സന്ദേശത്തിൽ ചൂണ്ടിക്കാട്ടി.


www.malankaralibrary.com



**ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവിന് പ്രാർത്ഥനാഞ്ജലി**

**പി. ഒ. സി. കുടുംബം**

## റവ. ഫാ. ടോണി ജേക്കബ് കോഴിമണ്ണിൽ ഡീൻ ഓഫ് സ്റ്റഡീസ്



കൊച്ചി: ബത്തേരി രൂപതാംഗമായ റവ. ഫാ. ടോണി ജേക്കബ് കോഴിമണ്ണിൽ പിഒസിയുടെ പാസ്റ്ററൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡീൻ ഓഫ് സ്റ്റഡീസായി ചാർജ്ജെടുത്തു. മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യൽ വർക്കിൽ മാസ്റ്റർ ബിരുദവും, ബോംബെയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈക്കോ തെറാപ്പി ആന്റ് മാനേജ്മെന്റ് സയൻസിൽ നിന്നും സൈക്കോതെറാപ്പി ആന്റ് കൗൺസലിംഗിൽ മാസ്റ്റർ ബിരുദവും കരസ്ഥമാക്കിയിട്ടുണ്ട്. ദേശീയ പബ്ലിക് ഗ്രീവാൻസെസ് കമ്മീഷന്റെ മികച്ച സാമൂഹിക പ്രവർത്തകനുള്ള 2019–ലെ കേരള സ്റ്റേറ്റ് അവാർഡും നേടിയിട്ടുണ്ട്. ബത്തേരി രൂപതയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പബ്ലിക് റിലേഷൻസ് ഓഫീസർ, കോർപ്പറേറ്റ് മാനേജർ എന്നിങ്ങനെ പല മേഖലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കണ്ണൂർ മതിലിൽ, മദർ സ്കൂളിൽ പ്രിൻസിപ്പൽ ആയി പ്രവർത്തിക്കുമ്പോഴായിരുന്നു ഈ നിയമനം.



## റവ. ഡോ. ജോജു കോക്കാട്ട് ബൈബിൾ കമ്മീഷൻ സെക്രട്ടറി

കൊച്ചി: കെസിബിസി ബൈബിൾ കമ്മീഷൻ സെക്രട്ടറി ആയി ഇരിങ്ങാലക്കുട രൂപതാംഗമായ റവ. ഡോ. ജോജു കോക്കാട്ട് ചാർജ്ജെടുത്തു. പാരീസിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്ന് ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് നേടിയ ഫാ. കോക്കാട്ട് കോട്ടയം വടവാതൂർ സെമിനാരിയിലും ആലുവ സെന്റ് ജോസഫ് സെമിനാരിയിലും പ്രൊഫസ്സറാണ്. രൂപതയിലെ ബൈബിൾ അപ്പസ്തോലറ്റ് എക്സിക്യൂട്ടീവ് ഡയറക്ടറായും തുറവൻകുന്ന് സെന്റ് ജോസഫ് ഇടവക വികാരിയായും സേവനം അനുഷ്ഠിക്കുമ്പോഴാണ് ഈ നിയമനം.


www.malankaralibrary.com




# കാട്ടു"തീ" പോലെ, നാട്ടിലുമുണ്ട് നികു"തീ"

**ആന്റണി ചടയംമുറി**

**വാർത്ത**

വീട്ടിലിരുന്ന് മൊബൈലിൽ ഓർഡർ ചെയ്താൽ ഏതു ഭക്ഷണവും വീട്ടിൽ കിട്ടും. ഇവിടെ 'ഒരൊറ്റ രാജ്യം, ഒരൊറ്റ നികുതി' എന്ന മുദ്രാവാക്യം മാറ്റിയെഴുതുകയാണ് ഭരണകൂടം. ഹോട്ടൽ ഭക്ഷണത്തിനു 18 ശതമാനം നികുതി, കൂടാതെ ഭക്ഷണം കൊണ്ടുവരുന്ന ഏജൻസിയുടെ സർവീസ് ചാർജിൽ 6 ശതമാനം നികുതി. ഇങ്ങനെ ഉപഭോക്താക്കൾ ഇരട്ട നികുതി നൽകിയിട്ടും, കേരളത്തിൽ നികുതി വരുമാനം താഴോട്ടാണ്. 2016–17ൽ പ്രതീക്ഷിച്ചത് 36,963 കോടി രൂപ. കിട്ടിയത് 30133 കോടി. കുറവ് 6830 കോടി. 2020–21–ലാകട്ടെ പ്രതീക്ഷിച്ചത് 55, 652 കോടി. കിട്ടിയത് 48417 കോടി. കുറവ് 7235 കോടി. ഈ ദുസ്ഥിതിയെക്കുറിച്ച് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ 2022 ഫെബ്രുവരിയിൽ തന്നെ സർക്കാരിനെ അറിയിച്ചിരുന്നു. ഈ റിപ്പോർട്ട് അനുസരിച്ച് കടമെടുപ്പിൽ മാത്രമാണ് സംസ്ഥാനം പുരോഗതി നേടിയത്. 33% കൂടുതലാണ് നാം കടമെടുത്തത്. നിലവിൽ മൂന്നേകാൽ ലക്ഷം കോടി രൂപയാണ് കേരളത്തിന്റെ കടം!

**ചിന്ത**

നികുതി ചുമത്താവുന്ന എത്രയോ കാര്യങ്ങൾ കിടക്കുന്നു. വാഹനങ്ങൾക്കെന്ന പോലെ കാൽനടയാത്രക്കാരനും നികുതി ചുമത്താവുന്നതാണ്. ദിവസം ഒരു രൂപവച്ച് പിരിച്ചാൽ തന്നെ ദിവസേന 129 കോടി രൂപയുടെ പത്തിരട്ടി തുക കിട്ടും. വഴി നിറഞ്ഞു വരുന്ന ജാഥയ്ക്ക് ആളിന്റെ എണ്ണം നോക്കിയും നികുതി ചുമത്താവുന്നതാണ്!

**ഡി സി കിഴക്കേമുറി** (ചെറിയ ആശുപത്രി വലിയ രോഗം – പേജ് 52)


www.malankaralibrary.com

തെക്കൻ കുരിശുമല
തീർത്ഥാടനകേന്ദ്രം
കുതാളി പി. ഒ., വെള്ളറട, തിരുവനന്തപുരം – 695 505,
ഫോൺ : 0471 2999555 ഡയറക്ടർ : 8921901728.
ഇടവകവികാരി : 8943471974


Synod 2021 2023

For a synodal Church

communion | participation | mission

സിനഡാത്മകത | സഭാത്മകത | മാനവികത
കൂട്ടായ്മ • പങ്കാളിത്തം • പ്രേഷിതത്വം.




സിനഡാത്മകത | സഭാത്മകത | മാനവികത
കൂട്ടായ്മ • പങ്കാളിത്തം • പ്രേഷിതത്വം.




'വിശുദ്ധ കുരിശ് കൂട്ടായ്മ പ്രേഷിത ശക്തി'

# 65-ാമത് തെക്കൻ കുരിശുമല തീർത്ഥാടനം

2022 മാർച്ച് 27, 28, 29, 30, 31 ഏപ്രിൽ 1, 2, 3 & 14, 15 (ദുഃഖവെള്ളി) തീയതികളിൽ


www.kurisumala.org kurisumala pilgrim centre www.kurisumala.blogspot.in kurisumala@gmail.com YouTube / SAMANWAYA VISION



www.malankaralibrary.com

RN 55178/94
Total Pages 32 Date of Publication 13-04-2022

# പാഷണിസ്റ്റ് സഭ

300
1720 years 2020
Jubilaeum
Gratitude | Prophecy | Hope
Renewing our Mission



## 3-ാം ശതാബ്ദി നിറവിൽ

കുരിശിൽ ബലിയായിത്തീർന്ന ഈശോയുടെഅനന്തസ്നേഹത്തിന്റെ പ്രകടമായ അടയാളമായി മാറിയ 'പാഷണിസ്റ്റ് സഭ' സ്ഥാപിതമായിട്ട് മുന്നൂറു വർഷങ്ങൾ പിന്നട്ടിരിക്കുന്നു.
1720-ൽ കുരിശിന്റെ വിശുദ്ധ പാലോസ് ഇറ്റലിയിൽ റോമൻ കത്തോലിക്കാ സഭയിൽ സ്ഥാപിച്ച പാഷണിസ്റ് എന്നറിയപ്പെടുന്ന പീഡാനുഭവ സന്ന്യാസ സമൂഹം ഇന്ന് മുന്നൂറാം ജൂബിലി നിറവിൽ ആയിരിക്കുമ്പോൾ 63 രാജ്യങ്ങളിലായി അതിരുകളില്ലാത്ത സ്നേഹ ശുശ്രൂഷ നടത്തിവരുന്നു.
ഇന്ത്യയിൽ - കേരളം, തമിഴ്നാട്, കർണാടക, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ കർമ നിരതരായി സേവനം അനുഷ്ഠിക്കുന്നു.

സഭാ സ്ഥാപകൻ



കുരിശിന്റെ വിശുദ്ധ പൗലോസ്

JESU XPI PASSIO

### പീഡാനുഭവ സന്ന്യാസസമൂഹത്തിലേക്ക് സ്വാഗതം

പാഷണിസ്റ്റ് സന്ന്യാസ സമൂഹത്തിൽ അംഗമായി ക്രൂശിതന്റെ സ്നേഹം കൂടുതൽ ആഴത്തിൽ അനുഭവിക്കാനും ആ സ്നേഹം മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കുവാനും അതുവഴി കാലഘട്ടത്തിനനുസരിച്ച് സുവിശേഷ പ്രഘോഷകരും പ്രവർത്തകരുമാകാൻ ആഗ്രഹിക്കുന്ന യുവാക്കളെ പാഷണിസ്റ്റ് സഭ സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു. എസ് എസ് എൽ സി യോ , പ്ലസ് ടു വോ , ബിരുദാനന്തര പഠനങ്ങളോ പൂർത്തിയാക്കിയവർക്ക് അർത്ഥികളായി ചേരാം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :

**Fr. Benson Valiyaveetil C.P.**
Passionist Community Ashram , J.X.P,
Rajeev Gandhi Road , Palluruthy
Cochin 682006
Phone : 0484 2231309 Mob: 956 249 3070
Email: passionistvp@gmail.com

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.

www.malankaralibrary.com